
2023
JULY
18
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## ഉമ്മൻചാണ്ടി വിടവാങ്ങി

തിരുവനന്തപുരം: ജനനായകൻ ഇനി ഓർമ. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി (79) അന്തരിച്ചു. അർബുദത്തിന് ചികിത്സയിലിരിക്കെ ബെംഗളൂരുവിലെ ആശുപത്രിയിൽ ഇന്നു പുലർച്ചെ 4.25നായിരുന്നു ഉമ്മൻ ചാണ്ടിയുടെ അന്ത്യം. അദ്ദേഹത്തിന്റെ മകൻ ചാണ്ടി ഉമ്മനാണ് മരണ വാർത്ത സമൂഹമാധ്യമങ്ങളിൽ സ്ഥിരീകരിച്ചത്. സംസ്കാരം വ്യാഴാഴ്ച പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി സെമിത്തേരിയിൽ. നടക്കും. ഉമ്മൻ ചാണ്ടിയുടെ ഭൗതിക ശരീരം ഇന്ന് പ്രത്യേക വിമാനത്തിൽ ബെംഗളൂരുവിൽ നിന്നും തിരുവനന്തപുരത്ത് എത്തിക്കും. കെപിസിസി ആസ്ഥാനത്തും ദർബാർ ഹാളിലും പൊതുദർശനമുണ്ടാകും. മുൻ മുഖ്യമന്ത്രിയോടുള്ള ആദരസൂചകമായി സംസ്ഥാനത്ത് ഇന്ന് പൊതു അവധി പ്രഖ്യാപിച്ചു. രണ്ടു ദിവസത്തെ ഔദ്യോഗിക ദുഃഖാചരണവും പ്രഖ്യാപിച്ചു.

നിയമസഭാ സാമാജികത്വത്തിന്റെ 50 വർഷം പൂർത്തിയാക്കിയ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയെക്കുറിച്ച് പുറത്തിറക്കിയ കോഫി ടേബിൾ ബുക്ക് ഇതിഹാസം തിരുവനന്തപുരത്ത് പ്രകാശനം ചെയ്തപ്പോൾ ചടങ്ങിനുശേഷം ഉമ്മൻചാണ്ടിയുടെ കുടുംബത്തോടൊപ്പം തമാശ പങ്കിടുന്ന വയലാർ രവി. ഉമ്മൻചാണ്ടിയുടെ ഭാര്യ മറിയാമ്മ, മക്കളായ ചാണ്ടി ഉമ്മൻ, മറിയം എന്നിവരാണ് കൂടെയുള്ളത്. പുസ്തകം വയലാർ രവി സാഹിത്യകാരൻ പെരുമ്പടവം ശ്രീധരന് നൽകിയാണ് പ്രകാശനം ചെയ്തത്. അരനൂറ്റാണ്ടിലേറെ നിയമസഭാംഗമായിരുന്ന ഉമ്മൻചാണ്ടിയുടെ പേരിലാണ് ഏറ്റവും കൂടുതൽ കാലം നിയമസഭാ സാമാജികനായിരുന്നതിന്റെ റെക്കോർഡ്. 1970 മുതൽ 2021 വരെ പുതുപ്പള്ളിയിൽ നിന്നു തുടർച്ചയായി പന്ത്രണ്ട് തവണയാണ് നിയമസഭയിലെത്തിയത്. രണ്ടു തവണയായി ഏഴു വർഷം മുഖ്യമന്ത്രിയായിരുന്നു. തൊഴിൽ, ആഭ്യന്തരം, ധനകാര്യം എന്നീ വകുപ്പുകളുടെ മന്ത്രിയായും പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ കോൺഗ്രസ് പ്രവർത്തക സമിതി അംഗവും എഐസിസി ജനറൽ സെക്രട്ടറിയുമാണ്. ഭാര്യ: കനറാ ബാങ്ക് മുൻ ഉദ്യോഗസ്ഥ മറിയാമ്മ. മക്കൾ: മറിയം ഉമ്മൻ, അച്ചു ഉമ്മൻ, ചാണ്ടി ഉമ്മൻ.

1943 ഒക്ടോബർ 31 ന് പുതുപ്പള്ളി കരോട്ട് വള്ളക്കാലിൽ കെ.ഒ.ചാണ്ടിയുടെയും ബേബി ചാണ്ടിയുടെയും മകനായി കോട്ടയം ജില്ലയിലെ കുമരകത്താണ് ഉമ്മൻ ചാണ്ടി ജനിച്ചത്. മുത്തച്ഛൻ വി.ജെ.ഉമ്മൻ തിരുവിതാംകൂറിലെ ആദ്യ നിയമസഭയായ ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിരുന്നു. പുതുപ്പള്ളി എംഡി സ്കൂൾ, സെന്റ് ജോർജ് ഹൈസ്കൂൾ, കോട്ടയം സിഎംഎസ്. കോളജ്, ചങ്ങനാശേരി എസ്ബി കോളജ്, എറണാകുളം ലോ കോളജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം.

## ഏക സിവിൽകോഡ്: ശീതകാല സമ്മേളനത്തിൽ അവതരിപ്പിക്കും

**ന്യൂഡൽഹി :** ഏക സിവിൽ കോഡ് (യുസിസി) നടപ്പാക്കാനുള്ള നീക്കം കേന്ദ്ര സർക്കാർ ഊർജിതമാക്കുന്നു. ലോ കമ്മിഷൻ റിപ്പോർട്ട് പ്രകാരമാണു നടപടിയെന്നാണ് നിയമമന്ത്രാലയ വൃത്തങ്ങൾ സൂചിപ്പിക്കുന്നത്. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിലെങ്കിലും ബിൽ അവതരിപ്പിക്കാനാണു ശ്രമം. ബിജു ജനതാദളും പിന്തുണയ്ക്കുമെന്നതിനാൽ രാജ്യസഭയിലും ബിൽ പാസാകാനുള്ള വോട്ടിന്റെ പ്രശ്നമില്ലെന്നാണ് ബിജെപി കരുതുന്നത്. യുസിസി ആവശ്യമുള്ളതോ അഭികാമ്യമോ അല്ലെന്നാണു കഴിഞ്ഞ നിയമ കമ്മിഷൻ നിലപാടെടുത്തത്. രാജ്യദ്രോഹ വ്യവസ്ഥകളുടെ കാര്യത്തിലും മോദി സർക്കാരിന്റെ താൽപര്യത്തോടു യോജിക്കുന്ന നിലപാടല്ലായിരുന്നു കമ്മിഷന്റേത്. പുതിയ കമ്മിഷൻ രാജ്യദ്രോഹികളുടെ കൂടെയല്ല, സർക്കാരിന്റെ താൽപര്യത്തിനൊത്ത നിലപാടാണെടുത്തിരിക്കുന്നത്. യുസിസിയുടെ കാര്യത്തിലും അത്തരമൊരു സമീപനത്തിനുള്ള സാധ്യതയുണ്ട്. കേന്ദ്രത്തിൽനിന്നുള്ള നടപടിക്കു കാത്തുനിൽക്കാതെ ഉത്തരാഖണ്ഡ്, ഗുജറാത്ത്, മധ്യപ്രദേശ്, അസം തുടങ്ങി ബിജെപി ഭരണത്തിലുള്ള പല സംസ്ഥാനങ്ങളും യുസിസിക്കായി നടപടികൾ തുടങ്ങിയിരുന്നു.

### ശക്തമായ നടപടികളുമായി കേന്ദ്രം

## ലഹരിമാഫിയയുടെ സ്വത്തുക്കൾ കണ്ടുകെട്ടും: അമിത് ഷാ

**ന്യൂഡൽഹി:** ലഹരി മാഫിയയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ സ്വത്തുക്കൾ കണ്ടുകെട്ടി, അവരെ പരസ്യമായി അപമാനിച്ച് ലഹരിക്കെതിരായ ശക്തമായ നടപടികളിലേക്കു നീങ്ങുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ദേശീയ നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയും ആന്റി നാർക്കോട്ടിക്സ് ടാസ്ക് ഫോഴ്സും പിടിച്ചെടുത്ത ലഹരി മരുന്നുകൾ നശിപ്പിക്കുമ്പോഴായിരുന്നു അദ്ദേഹത്തിന്റെ പരാമർശം. അമിത് ഷായുടെ മേൽനോട്ടത്തിൽ വിവിധയിടങ്ങളിലായാണ് ലഹരിമരുന്നുകൾ നശിപ്പിച്ചത്. ഈ നടപടിയിൽ വെർച്വലായാണ് അദ്ദേഹം പങ്കെടുത്തത്. 2,378 കോടി മൂല്യമുള്ള 1.40 ലക്ഷം കിലോയുടെ ലഹരിമരുന്നുകളാണ് രാജ്യവ്യാപകമായി നശിപ്പിച്ചത്.

യുവാക്കളെ ലഹരിമരുന്നുകളിൽനിന്ന് മോചിപ്പിക്കുകയാണ് നരേന്ദ്ര മോദി സർക്കാരിന്റെ ലക്ഷ്യം. ഒരു യുവാവും ലഹരിക്ക് അടിമകളാകരുത്. ഇത് നേടിയെടുക്കണമെങ്കിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഒരുമിച്ച് നീങ്ങണം. ശിക്ഷകൾ കർശനമാക്കുകയാണ് ഇത്തരം പ്രവർത്തനം കുറയ്ക്കാൻ നല്ലത്. സ്വത്തുക്കൾ കണ്ടുകെട്ടി അപമാനിക്കുന്നതാണ് ഉയർന്ന നടപടി. സാമ്പത്തിക അന്വേഷണങ്ങളിൽ സംസ്ഥാനങ്ങൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റുമായി (ഇഡി) ചേർന്ന് പ്രവർത്തിക്കണം. ലഹരിക്ക് അടമികളായവരെ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനായി കൂട്ടായ പ്രവർത്തനങ്ങളാണ് വേണ്ടത്. രാജ്യത്തെ ലഹരിമുക്തമാക്കുകയാണ് ലക്ഷ്യം അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ വർഷം 10 ലക്ഷം കിലോയുടെ 12,000 കോടിയുടെ ലഹരിവസ്തുക്കളാണ് നശിപ്പിച്ചത്. എൻസിബിയുടെ ഹൈദരാബാദ് യൂണിറ്റ് 6,590 കിലോ, ഇൻഡോർ യൂണിറ്റ് 822 കിലോ, ജമ്മു യൂണിറ്റ് 356 കിലോ ലഹരി മരുന്നുമാണ് പിടിച്ചെടുത്തത്. അസമിൽ 1,486 കിലോ, ചണ്ഡിഗഢിൽ 229 കിലോ, ഗുജറാത്തിൽ 4,277 കിലോ, ഹരിയാനയിൽ 2,458 കിലോ, ജമ്മു കശ്മീരിൽ 4,069 കിലോ, മധ്യപ്രദേശിൽ 1,03,884 കിലോ, മഹാരാഷ്ട്രയിൽ 159 കിലോ, ത്രിപുരയിൽ 1,803 കിലോ, ഉത്തർപ്രദേശിൽ 4,049 കിലോ ലഹരി വസ്തുക്കളാണ് എൻസിബി നശിപ്പിച്ചത്. കഴിഞ്ഞ വർഷം ജൂൺ മുതൽ ഈ വർഷം ജൂലായ് 15 വരെ ഏകദേശം 9,580 കോടി രൂപയുടെ 8,76,544 കിലോയോളം പിടിച്ചെടുത്ത ലഹരിമരുന്നുകൾ നശിപ്പിച്ചിട്ടുണ്ട്.



# തിരുവനന്തപുരത്ത് അരലക്ഷം വീടുകൾക്ക് ഗ്യാസ് പൈപ്പ് ലൈൻ



**തിരുവനന്തപുരം:** തലസ്ഥാനത്തെ അരലക്ഷം വീടുകളിൽ ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിനൊപ്പം നാലായിരത്തിലധികം കടകൾക്കും സിറ്റി ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി പ്രകാരം ഗുണം ലഭിക്കും. ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ നടപടികൾ ഇപ്പോൾ അതിവേഗത്തിലാണു മുന്നോട്ടു പോകുന്നത്. അടുത്ത അ!ഞ്ചുമാസത്തിനുള്ളിൽ പദ്ധതി പൂർത്തികരിക്കാനാണ് ലക്ഷ്യമിടുന്നത്. 31 വാർഡുകളിലെ വീടുകൾക്കാണ് പ്രയോജനം ലഭിക്കുന്നത്. കഴക്കൂട്ടം, വട്ടിയൂർക്കാവ്, തിരുവനന്തപുരം മണ്ഡലങ്ങളിലെ ജനങ്ങൾക്കാണ് സിറ്റി ഗ്യാസ് പൈപ്പ് ലൈനിന്റെ പ്രയോജനം ലഭിക്കുക, കൊച്ചുവേളി മുതൽ പേരൂർക്കട വരെയുള്ള പ്രധാന പൈപ്പ് ലൈനിന്റെ പണി പൂർത്തിയായാൽ ഉടൻ നടപടികൾ വേഗത്തിലാകും.

ഈ ലൈൻ പൂർത്തിയാക്കുന്നതിനുള്ള രണ്ടു സ്ഥലങ്ങളിലെ തടസ്സങ്ങൾ നീക്കാനും നടപടി തുടങ്ങിക്കഴിഞ്ഞു. നിലവിലെ സാഹചര്യത്തിൽ പദ്ധതിയുടെ ഭാഗമായി അടുത്ത വർഷം ജനുവരിയിൽ അൻപതിനായിരം വീടുകളിലും ഗ്യാസ് കണക്ഷൻ ലഭ്യമാക്കുമെന്നാണ് പ്രതീക്ഷ. ആനയറയിലെ തോട് മുറിച്ച് കടക്കലും പേട്ടയിലെ റെയിൽവേ ലവൽ ക്രോസുമാണ് പ്രധാന പൈപ്പ് ലൈൻ കടന്നു പോകുന്ന വഴിയിലെ നിലവിലെ തടസ്സങ്ങൾ. ഇതിന് പരിഹാരം കണ്ടെത്തിയാൽ മറ്റു നടപടികളും വേഗത്തിലാകും. അൻപതിനായിരം വീടുകൾക്ക് പുറമേ കൊച്ചുവേളി മുതൽ പേരൂർക്കട വരെയുള്ള നാലായിരത്തിലധികം കടകൾക്കും ഗ്യാസ് കണക്ഷൻ നൽകും. സിങ്കപ്പൂർ ആസ്ഥാനമായ എജി ആൻഡ് പിഎൻ എന്ന സ്വകാര്യ കമ്പനിക്കാണ് ചുമതല.

കൊച്ചുവേളിയിലെ പ്ലാന്റിൽ നിന്നു സമീപത്തെ ആറു വാർഡുകളിലെ 4400 വീടുകളിൽ നിലവിൽ സിറ്റി ഗ്യാസ് ലഭിച്ചു തുടങ്ങിയിട്ടുണ്ട്. വെട്ടുകാട്, ശംഖുമുഖം, ചാക്ക, പാൽക്കുളങ്ങര, പെരുന്താന്നി, ശ്രീകണ്ഠേശ്വരം, വാർഡുകളിൽ ഉള്ളവർക്കാണു നിലവിൽ സൗകര്യം ലഭിക്കുന്നത്. ബീമാപള്ളി ഈസ്റ്റ്, വലിയതുറ, മാണിക്യവിളാകം എന്നീ വാർഡുകളിൽ കൂടി ഉടൻ കണക്ഷൻ ഉടൻ നൽകും. അതിനു ശേഷം പേട്ട, കടകംപള്ളി, കരിക്കകം വാർഡുകളിൽ ഡിസംബറോടു കൂടി കണക്ഷൻ നൽകും. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്, ഇംഗ്ലിഷ് ഇന്ത്യാ ക്ലേ കമ്പനി, ടൈറ്റാനിയം ഫാക്ടറി എന്നീ മൂന്ന് പ്രമുഖ സ്ഥാപനങ്ങൾക്കും സിറ്റി ഗ്യാസിന്റെ പ്രയോജനം ലഭ്യമാക്കാനാണു നീക്കം.

കൊച്ചുവേളിയിലെ പ്ലാന്റിൽ നിന്നു സമീപത്തെ ആറു വാർഡുകളിലെ 4400 വീടുകളിൽ നിലവിൽ സിറ്റി ഗ്യാസ് ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

വെട്ടുകാട്, ശംഖുമുഖം, ചാക്ക, പാൽക്കുളങ്ങര, പെരുന്താന്നി, ശ്രീകണ്ഠേശ്വരം, വാർഡുകളിൽ ഉള്ളവർക്കാണു നിലവിൽ സൗകര്യം ലഭിക്കുന്നത്.

ബീമാപള്ളി ഈസ്റ്റ്, വലിയതുറ, മാണിക്യവിളാകം എന്നീ വാർഡുകളിൽ കൂടി ഉടൻ കണക്ഷൻ ഉടൻ നൽകും.

# മുതലപ്പൊഴിയിൽ സുരക്ഷ ഉറപ്പാക്കും: മന്ത്രി സജി ചെറിയാൻ

**തിരുവനന്തപുരം:** മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനു ശാശ്വത പരിഹാരത്തിന് അടിയന്തര നടപടി സ്വീകരിക്കുമെന്നു ഫിഷറീസ് മന്ത്രി സജി ചെറിയാൻ. ജൂലൈ 10 ന് മുതലപ്പൊഴിയിൽ അപകടത്തിൽപ്പെട്ടു മരിച്ച നാലു മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സർക്കാർ സംരക്ഷിക്കുമെന്നും മന്ത്രി പറഞ്ഞു. അപകടത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കാൻ ചേർന്ന മന്ത്രിതല യോഗത്തിലെ നിർദേശങ്ങൾ സംബന്ധിച്ചു മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയ്ക്കു ശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുതലപ്പൊഴിയിലെ ഡ്രഡ്ജിങ് സംബന്ധിച്ച് അദാനി പോർട്ടുമായി ഉണ്ടാക്കിയ കരാർ പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു. തുറമുഖത്തെ കല്ലും മണ്ണും നീക്കം ചെയ്ത് ബേസിനിലും ചാനലിലും പൊഴിയിലും കരാർ പ്രകാരമുള്ള ശരിയായ ആഴം ഉറപ്പാക്കും. ഇക്കാര്യത്തിൽ വിട്ടുവീഴ്ചയുണ്ടാകില്ല. ഡ്രഡ്ജിങ് സംബന്ധിച്ച് ഫിഷറീസ്, തുറമുഖ വകുപ്പ് മന്ത്രിമാരും തിരുവനന്തപുരം ജില്ലയിൽനിന്നുള്ള മൂന്നു മന്ത്രിമാരും ഉൾപ്പെട്ട സമിതി ജൂലൈ 18നു രാവിലെ 10ന് അദാനി പോർട്ട് ഉദ്യോഗസ്ഥരുമായും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും ചർച്ച നടത്തും.

തുറമുഖത്തിന്റെ അപ്രോച്ച് ചാനലിൽ അടിഞ്ഞുകൂടുന്ന മണ്ണു നീക്കം ചെയ്യുന്നതിനു സ്ഥിരം സംവിധാനം ഏർപ്പെടുത്തും. സാൻഡ് ബൈപാസിങ് ഇതിനായി നടപ്പാക്കും. ചാനലിലേക്കു മണൽ ഒഴുകിവരാതെ പൈപ്പിലൂടെ പമ്പ് ചെയ്തു മറുഭാഗത്തെത്തിക്കുന്നതാണിത്. 10 കോടി ചെലവു പ്രതീക്ഷിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് തയാറാക്കാൻ ഹാർബർ എൻജിനീയറിങ് വിഭാഗത്തിനു നിർദേശം നൽകി. നടപടികൾ പൂർത്തിയാക്കി, കാലാവസ്ഥാ സാഹചര്യം മാറിയ ഉടൻ, ടെൻഡർ നടപടികളിലേക്കു കടക്കും. കടലിന്റെ പ്രക്ഷുബ്ധാവസ്ഥയും പൊഴിയിലെ അപകടസാധ്യതയും കണക്കിലെടുത്ത് തുറമുഖത്തിലൂടെയുള്ള സുരക്ഷിത ഗതാഗതത്തിനുള്ള പരിഹാരമാർഗങ്ങൾ കണ്ടെത്താൻ മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനുകളുമായും സാമൂഹിക സംഘടനകളുമായും ഉടൻ ചർച്ച നടത്തും. പൊഴിയുടെ ഇരു കരകളിലുമുള്ള വെളിച്ചക്കുറവു പരിഹരിക്കാൻ ആധുനിക ലൈറ്റുകൾ സ്ഥാപിക്കാൻ ഹാർബർ എൻജിനീയറിങ് വിഭാഗത്തിനു നിർദേശം നൽകി. യാനങ്ങൾക്കു കൃത്യമായി ദിശ മനസിലാക്കുന്നതിന് ലൈറ്റ് ബോയ്കൾ സ്ഥാപിക്കും.

ജൂലൈ 10നു മുതലപ്പൊഴിയിൽ അപകടത്തിൽപ്പെട്ടു മരിച്ചവരിൽ റോബിൻ(42)ന്റെ കുടുംബത്തിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ സുമനസുകളുടെ സഹായത്തോടെ സ്ഥലംവാങ്ങി വീടു നിർമിച്ചു നൽകും. ഭാര്യയ്ക്കു വരുമാനമാർഗം ഉറപ്പാക്കും. ബിജു ആന്റണി(49)യുടെ കുടുംബത്തിനു പുതിയ വീടു നിർമിച്ചു നൽകും. മൂത്ത മകൾക്കു വരുമാന മാർഗമൊരുക്കും. സുരേഷ് ഫെർണാണ്ടസ്(58)ന്റെ മകന് മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം നൽകും. മകളുടെ വിവാഹവുമായി ബന്ധപ്പെട്ടു കഠിനംകുളം സഹകരണ ബാങ്കിലുള്ള വായ്പ സംബന്ധിച്ചു സഹകരണ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തി കട ബാധ്യത ഒഴിവാക്കും. കുഞ്ഞുമോൻ(42)ന്റെ കുടുംബത്തിനു പുനർഗേഹം പദ്ധതി പ്രകാരം വീടു നിർമിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഭൂമി വാങ്ങി വീടു നിർമിച്ചപ്പോൾ സ്വകാര്യ സ്ഥാപനത്തിൽനിന്നെടുക്കേണ്ടിവന്ന അഞ്ചു ലക്ഷം രൂപയുടെ കടബാധ്യത പൂർണമായി ഒഴിവാക്കുന്നതിനു സഹായം നൽകും. കുടുംബനാഥയ്ക്കു വരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

# കർഷക മൈത്രി സംഗമം

**കോഴിക്കോട്:** മീത്തൽ വയൽ ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും കുന്നുമ്മൽ ബ്ലോക്ക് ക്ഷീര വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ കർഷക മൈത്രി സംഗമവും ആദരിക്കൽ ചടങ്ങും സംഘടിപ്പിച്ചു. കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മുഹമ്മദ് കക്കട്ടിൽ ഉദ്ഘാടനം ചെയ്തു.മീത്തൽ വയൽ ക്ഷീരസംഘം പ്രസിഡന്റ് പി.എം. സജിത് അധ്യക്ഷത വഹിച്ചു.ക്ഷീരസംഘം മുൻ പ്രസിഡന്റ് വി.കെ കണ്ണനെ ചടങ്ങിൽ ആദരിച്ചു. എസ് എസ് എൽ സി , പ്ലസ് ടു വിജയികളെയും ചടങ്ങിൽ അനുമോദിച്ചു. മീത്തൽവയൽ ക്ഷീര സംഘം സ്ഥാപകനും കൃഷി ഓഫീസറുമായിരുന്ന കെ.എൻ ഇബ്രാഹിമിനെ ചടങ്ങിൽ അനുസ്മരിച്ചു.നരിപ്പറ്റ വെറ്റിനറി ഡോക്ടർ അജ്ഞന , കുന്നുമ്മൽ ഡയറി ഫാം ഇൻസ്പെക്ടർ മഹേഷ് കെ.കെ എന്നിവർ ക്ലാസെടുത്തു.നരിപ്പറ്റ ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാൻറ്റിംഗ് കമ്മിറ്റി ചെയർമാൻ വിനാണു,മീത്തൽവയൽ ക്ഷീര സംഘം ഡയറക്ടർ ഇ.സി ബാലൻ, പി.രവീന്ദ്രൻ എന്നിവർ സംസാരിച്ചു.

# ചെളിയടിഞ്ഞ് പമ്പാനദിയിൽ പുറ്റ് രൂപപ്പെടുന്നത് പള്ളിയോട പ്രയാണത്തിനു ഭീഷണി



**ആറന്മുള:** പമ്പാനദിയിലെ പുറ്റുനീക്കം വൈകുന്നത് പള്ളിയോടക്കരകളിൽ ആശങ്കയ്ക്ക് ഇടയാക്കുന്നു. പള്ളിയോടങ്ങൾ നീറ്റിലിറക്കാൻ സാധിക്കാത്ത വിധത്തിലാണ് കടവിൽ വലിയ പുറ്റും ചെളിയും അടിഞ്ഞുകൂടിയിട്ടുള്ളത്. ഇടയാറന്മുള കിഴക്ക്, ളാക, ഇടയാറന്മുള, വരയന്നൂർ തുടങ്ങിയ പള്ളിയോടങ്ങളുൾപ്പെടെയാണ് പ്രതിസന്ധി നേരിടുന്നത്. മൺപുറ്റ് നീക്കം ചെയ്യാൻ അധികൃതരുടെ ഭാഗത്തുനിന്ന് ഇതുവരെയും നടപടിയുണ്ടായിട്ടില്ല. പള്ളിയോടങ്ങൾ പലതും കടവിലേക്ക് അടുപ്പിക്കാനാകാത്ത സ്ഥിതിയുമുണ്ട്. 23 ന് വള്ളസദ്യ വഴിപാടുകൾ ആരംഭിക്കും. എന്നിട്ടും പ്രതിസന്ധി പരിഹരിക്കാനുള്ള നടപടി വൈകുകയാണ്.ഉത്തൃട്ടാതി ജലമേള അരങ്ങേറുന്ന പരപ്പുഴ കടവ് മുതൽ ആഞ്ഞിലിമൂട്ടിൽ കടവ് പാലം വരെ നദിയുടെ ഇരുവശത്തും വലിയ തോതിൽ ചെളി അടിഞ്ഞുകൂടിയിട്ടുണ്ട്.

മാലേത്ത് കടവിൽ നദിയുടെ നടുക്കായി തടഞ്ഞുനിൽക്കുന്ന വലിയ മരശിഖരം പള്ളിയോടങ്ങൾക്ക് കടുത്ത ഭീഷണിയാണ്. ജലനിരപ്പുയരുമ്പോൾ ഇത് കാണാതെ വരുന്ന സാഹചര്യം പടിഞ്ഞാറൻ മേഖലയിലെ പള്ളിയോടങ്ങൾക്ക് അപകടസാധ്യത സൃഷ്ടിക്കാൻ ഇടയാക്കുമെന്ന ഭീതിയുമുണ്ട്. ഈ ശിഖരം നീക്കണമെന്ന ആവശ്യം പലതവണ ഉയർന്നിട്ടും ഇറിഗേഷൻ വകുപ്പ് നടപടിക്ക് തയാറായിട്ടില്ല. കഴിഞ്ഞ മഹാപ്രളയത്തിലാണ് വലിയ തടിക്കഷ്ണം നദിയുടെ മധ്യഭാഗത്ത് എത്തിയത്.പുറ്റുകൾ ഉടൻ നീക്കം ചെയ്ത് പരിഹാരനടപടി കൈക്കൊള്ളാൻ അധികൃതർ നടപടി സ്വീകരിക്കണമെന്ന് ഇടയാറന്മുള കിഴക്ക് പള്ളിയോട സേവാസംഘം പ്രസിഡന്റ് ശശി കണ്ണങ്കേരിൽ, സെക്രട്ടറി മധു താളിക്കാട്ടിൽ, ട്രഷറർ ഗോപകുമാർ എന്നിവർ പറഞ്ഞു.




# ചെങ്ങന്നൂർ പമ്പ റെയിൽപാത: മഴ മാറിയാൽ ഉടൻ ലിഡാർ സർവേ

**പത്തനംതിട്ട:** ചെങ്ങന്നൂർ പമ്പ അതിവേഗ റെയിൽപാതയ്ക്കു കേന്ദ്രസർക്കാർ പ്രാധാന്യം നൽകിയതിനു പിന്നാലെ ലിഡാർ (ലൈറ്റ് ഡിറ്റക്ഷൻ ആൻഡ് റേഞ്ചിംഗ്) പൂർത്തീകരിക്കുന്നതോടെ തുടർ നടപടികളിലേക്കു കടക്കും. പാതയുടെ ലിഡാർ സർവേ മഴക്കാലം കഴിഞ്ഞു മാത്രമേ തുടരാനാകൂ. മഴ മേഘങ്ങൾ സർവേയ്ക്കു തടസമാണ്. സർവേ ജൂണിൽ പൂർത്തീകരിക്കാനാണ് നേരത്തെ നിർദേശിച്ചിരുന്നത്. എന്നാൽ, മഴ തടസമായതോടെ ഇത് ഓഗസ്റ്റിൽ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷ.

ചെങ്ങന്നൂർ മുതൽ പമ്പ വരെ പമ്പാനദിയുടെ തീരത്തുകൂടി നിർമിക്കുന്ന പാത ഭൂരിഭാഗവും തൂണിൽ പണിയാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ എത്ര ദൂരമാണ് ആകാശപ്പാതയായി നിർമിക്കാൻ കഴിയുകയെന്ന് ലിഡാർ സർവേയ്ക്കു ശേഷമേ വ്യക്തമാകൂ. 9,000 കോടി രൂപയാണ് പദ്ധതിക്കു ചെലവ് പ്രതീക്ഷിക്കുന്നത്. സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്തതിനാൽ പൂർണമായും കേന്ദ്രപദ്ധതിയായി പാത നിർമിക്കാനാണ് ആലോചന. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയാറാകുമ്പോൾ മാത്രമേ പദ്ധതിച്ചെലവ് സംബന്ധിച്ച അന്തിമ തീരുമാനം ഉണ്ടാകൂ.

ശബരിമല തീർഥാടകരിൽ ട്രെയിൻ യാത്രയെ ആശ്രയിക്കുന്നവരിൽ 70 ശതമാനം ആളുകളും ചെങ്ങന്നൂരിൽ ഇറങ്ങിയാണ് പമ്പയിലേക്കു പോകുന്നതെന്നതിനാലാണ് പമ്പ ചെങ്ങന്നൂർ പാതയുടെ പ്രസക്തിയേറിയത്. പമ്പയുടെ തീരത്തുകൂടിയുള്ള ആകാശപ്പാതയുടെ നിർദേശം മാവേലിക്കര സ്വദേശി എം.കെ. വർഗീസ് കോർ എപ്പിസ്കോപ്പയാണ് ആദ്യം മുന്നോട്ടുവച്ചത്. ഇതേക്കുറിച്ചുള്ള പ്രാഥമിക പഠനങ്ങളും പദ്ധതിയുടെ സാധ്യത വർധിപ്പിച്ചു. മെട്രോമാൻ ഇ. ശ്രീധരൻ അടക്കമുള്ള പദ്ധതിയെ പിന്തുണയ്ക്കുകകൂടി ചെയ്തപ്പോൾ കേന്ദ്രസർക്കാരും അനുകൂല നിലപാട് സ്വീകരിച്ചു.

പാതയുടെ രൂപകല്പന, ഇതിലൂടെ ഓടിക്കുന്ന ട്രെയിൻ എന്നിവ സംബന്ധിച്ചും വിശദമായ സാങ്കേതിക പഠനം വേണ്ടിവരും. ചെങ്ങന്നൂർ പമ്പ എലിവേറ്റഡ് പാതയിൽ ഡൽഹി മീററ്റ് റീജണൽ റാപ്പിഡ് ട്രാൻസിസ്റ്റ് സിസ്റ്റമാണ് മാതൃകയായി അവതരിപ്പിച്ചിരിക്കുന്നത്.

ചെങ്ങന്നൂർ മുതൽ പമ്പവരെയുള്ള 76 കിലോമീറ്ററിന് 45 മിനിറ്റാണ് യാത്രാ സമയം നിശ്ചയിച്ചിരിക്കുന്നത്. ചെങ്ങന്നൂരിൽനിന്ന് ആറന്മുള, കോഴഞ്ചേരി, ചെറുകോൽപ്പുഴ, റാന്നി, വടശേരിക്കര, അത്തിക്കയം, പെരുന്തേനരുവി, കണമല, നിലയ്ക്കൽ, അട്ടത്തോട് വഴിയാണ് പാത പമ്പയിലെത്തുന്നത്. ആറന്മുളയിൽ മാത്രമാണ് ആദ്യഘട്ടത്തിൽ സ്റ്റേഷൻ. വടശേരിക്കര, നിലയ്ക്കൽ എന്നിവിടങ്ങളിലും സ്റ്റേഷൻ പരിഗണനയിലുണ്ട്. മെട്രോ മാതൃകയിലുള്ള സ്റ്റേഷനുകളാകും പണിയുക.

# കാലവർഷം കനിയുന്നില്ല; അതിർത്തി ഗ്രാമങ്ങളിൽ നെൽക്കൃഷി പ്രതിസന്ധിയിൽ

**പുൽപള്ളി:** കാലവർഷം തിമിർത്തു പെയ്യേണ്ട സമയമായിട്ടും നെൽക്കൃഷിക്കു വിത്തുപാകാൻ വെള്ളമില്ലാതെ കർഷകർ. കർക്കടകം അവസാനത്തോടെ നടീൽ പൂർത്തിയാകേണ്ട വയലുകളിൽ വരമ്പുകിളയ്ക്കാൻ പോലും വെള്ളമില്ല. മഴയെ മാത്രം ആശ്രയിച്ചു കൃഷിയിറക്കുന്ന കരവയലുകളപ്പാടെ പുല്ലുമൂടി കിടക്കുന്നു. മഴക്കാലമെന്നു പറയുമ്പോഴും പകൽച്ചൂട് ശക്തം. സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിൽ നല്ല മഴ ലഭിക്കുമ്പോഴും വയനാട് അതിർത്തിയിൽ കാര്യമായി മഴയില്ല. പുൽപള്ളി, പൂതാടി, മുള്ളൻകൊല്ലി, തിരുനെല്ലി പഞ്ചായത്തുകളിലാണ് കാര്യമായി മഴ കുറഞ്ഞത്. ഇവിടുത്തെ തോടുകളിലും കുളങ്ങളിലും വെള്ളമില്ല. കബനിപ്പുഴയിൽ കാര്യമായ നീരൊഴുക്കുണ്ടായത് കഴിഞ്ഞയാഴ്ച. അതും കുറയുന്നു. ഇടയ്ക്കിടെയുണ്ടാകുന്ന ചാറ്റൽ മഴ മാത്രമാണ് കാലവർഷത്തിന്റെ ഭാഗമായി ഈ പ്രദേശങ്ങളിലുണ്ടായത്.

ഇക്കൊല്ലം നെൽക്കൃഷി സാധിക്കുമോയെന്ന ആശങ്കയും കർഷകർക്കുണ്ട്. തന്നാണ്ട് വിളകൾക്കും നാണ്യവിളകൾക്കും ആവശ്യമായ മഴ ലഭിച്ചില്ല. വിളകൾക്ക് വളപ്രയോഗം നടത്താനും കഴിഞ്ഞിട്ടില്ല. വളം വ്യാപാരം തീരെ നടക്കുന്നില്ലെന്ന് വ്യാപാരികൾ പറയുന്നു. കൃഷിമേഖലയിലൊരിടത്തും ഉറവയെടുത്തില്ല. മഴക്കാലത്ത് നിറഞ്ഞൊഴുകിയിരുന്ന കൈത്തോടുകൾ പുല്ലുമൂടി കിടക്കുന്നു. കണക്കനുസരിച്ച് കാലവർഷം ആരംഭിച്ച് ഒന്നര മാസം പിന്നിടുമ്പോഴും കാർഷിക മേഖല വെള്ളമില്ലാതെ തകർന്നടിയുന്നു. നട്ടവയെല്ലാം മണ്ണിലിരുന്ന് വളർച്ച മുരടിച്ചു. കഴിഞ്ഞ വേനൽക്ക് പുഞ്ചകൃഷിക്ക് ജലസേചനം നടത്തിയത് ഏറെ കഷ്ടപ്പെട്ടാണ്.

അതേ സമയം, മഴ പെയ്യാതെ പാടത്ത് മണ്ണിളക്കാൻ കഴിയാതെ കർഷകർ പ്രയാസപ്പെടുമ്പോഴും കബനിക്കരിയിലെ പമ്പ്ഹൗസുകൾ നോക്കുകുത്തികളാവുകയാണ്. നെൽകൃഷി പ്രോൽസാഹനത്തിന് വൻതുക മുടക്കിയാണ് വിവിധ വകുപ്പുകൾ പുഴയോരങ്ങളിൽ പമ്പ്ഹൗസും കനാലും നിർമിച്ചത്. ഇതിൽ പലതും പ്രവർത്തിക്കുന്നില്ല. മോട്ടർ തകരാറാണ് മുഖ്യപ്രശ്നം. കൊളവള്ളി, മരക്കടവ്, കൃഗന്നൂർ, പെരിക്കല്ലൂർ, ചേകാടി, ചെറിയമല തുടങ്ങിയ പാടത്തെല്ലാമുള്ള ജലസേചന സംവിധാനങ്ങൾ പ്രവർത്തനക്ഷമമല്ല. മഴ വൈകിയാലും വിത്തിടാൻ വെള്ളമടിച്ചാൽ മതിയാകും. മരക്കടവ് കൃഗന്നൂരിൽ 50, 15 കുതിരശക്തിയുള്ള 2 മോട്ടറുകളുണ്ട്. അതിൽ ചെറിയ മോട്ടർ മാത്രമാണിപ്പോൾ പ്രവർത്തനം.

# കാർബൺ ന്യൂട്രൽ പഞ്ചായത്താകാൻ തിരുനെല്ലി

**മാനന്തവാടി:** കാർബൺ ന്യൂട്രൽ പഞ്ചായത്താകാൻ ഒരുങ്ങി തിരുനെല്ലി ഗ്രാമപഞ്ചായത്തും. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ ജനകീയ ശിൽപശാല സംഘടിപ്പിച്ചു. തിരുനെല്ലി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ശിൽപശാല മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജസ്റ്റിൻ ബേബി ഉദ്ഘാടനം ചെയ്തു.

തിരുനെല്ലി പഞ്ചായത്ത് പ്രസിഡൻറ് പി.വി. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. തണൽ എക്സിക്യൂട്ടീവ് ഡയറക്ടർ സി. ജയകുമാർ വിഷയാവതരണം നടത്തി. ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സി. അസൈനാർ പദ്ധതി അനുഭവ വിശദീകരണം നടത്തി. സോഷ്യൽ ഫോറസ്ട്രി എസിഎഫ് ജോസ് മാത്യു മുഖ്യാതിഥിയായി. ചർച്ചകളുടെ ക്രോഡീകരണത്തിന് പ്രഫ.പി.കെ. പ്രസാദൻ, ഡോ. ജോസഫ് ജെ. എരിഞ്ചേരി എന്നിവർ നേതൃത്വം നൽകി.

ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് എ.കെ. ജയഭാരതി, ജില്ലാ പഞ്ചായത്ത് അംഗം എ.എൻ. സുശീല, പഞ്ചായത്ത് വൈസ് പ്രസിഡൻറ് സി.ടി. വത്സലകുമാരി, ബ്ലോക്ക് പഞ്ചായത്ത് അംഗം ബി.എം. വിമല, പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ഭാരവാഹികളായ എം.കെ. രാധാകൃഷ്ണൻ, റുഖിയ സൈനുദ്ദീൻ, പി.എൻ. ഹരീന്ദ്രൻ, പഞ്ചായത്ത് സെക്രട്ടറി വി. ഉസ്മാൻ തുടങ്ങിയവർ പ്രസംഗിച്ചു. ജനപ്രതിനിധികൾ, മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ, രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ ശിൽപശാലയിൽ പങ്കെടുത്തു.




# നല്ല ഭക്ഷണശാലകൾ; ഈറ്റ് റൈറ്റ് കേരള വഴികാട്ടും

**കൽപ്പറ്റ:** കേരളത്തിലുടനീളം സുരക്ഷിതവും രുചികരവുമായ ഭക്ഷണം കിട്ടുന്ന ഹോട്ടലുകൾ, റസ്റ്റോറൻറുകൾ എന്നിവയെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഈറ്റ് റൈറ്റ് കേരള എന്ന മൊബൈൽ ആപ്പ് ജില്ലയിലും ശ്രദ്ധേയമാകുന്നു.

ഈറ്റ് റൈറ്റ് കേരള ആപ്പിലൂടെ ഹോട്ടലുകൾ തിരെഞ്ഞെടുത്ത് ആഹാരം കഴിക്കാം. ജില്ലയിൽ ഹൈജീൻ റേറ്റിംഗ് പൂർത്തിയാക്കിയ 76 ഹോട്ടലുകളും റസ്റ്ററൻറുകളുമാണ് ആപ്പിലുള്ളത്. ആപ്പിൽ നൽകിയിട്ടുള്ള ബേക്കറി, റസ്റ്ററൻറ്, ജ്യൂസറി എന്നിങ്ങനെയുള്ള ലിങ്കിൽ കയറി ആവശ്യമുള്ള സേവനങ്ങൾ ലഭ്യമാക്കാം.

ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ മാനദണ്ഡങ്ങൾ പാലിക്കുന്ന ഹോട്ടലുകളാണ് മൊബൈൽ ആപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ നൂതന സംരഭമായ ഈറ്റ് റൈറ്റ് കേരള മൊബൈൽ ആപ്പിലൂടെ ഗുണ നിലവാരം സൂക്ഷിക്കുന്ന ഹോട്ടലുകളുടെ വിവരവും അവയുടെ ലൊക്കേഷനും അറിയാൻ കഴിയും. ഭക്ഷ്യസുരക്ഷാ നിയമത്തെ കുറിച്ചുള്ള വിവരങ്ങളും ആപ്പിൽ ലഭ്യമാണ്. ഭക്ഷ്യസുരക്ഷാ ഗ്രിവൻസ് പോർട്ടൽ ആപ്പിൽ ലിങ്ക് ചെയ്തിട്ടുണ്ട്. അതിനാൽ തത്സമയം ഉപഭോക്താകൾക്ക് ഈ ആപ്പിലൂടെ പരാതികൾ നൽകാൻ കഴിയും.

പ്ലേ സ്റ്റോറിൽ നിന്ന് ഈറ്റ് റൈറ്റ് കേരള ആപ്പ് ഡൗൺലോഡ് ചെയ്ത് ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ലഭിക്കുന്ന ഹോട്ടലുകൾ കണ്ടെത്താം. ജില്ലയിൽ കൂടുതൽ സ്ഥാപനങ്ങളെ ഓഡിറ്റിംഗ് നടത്തി ആപ്പിൽ ഉൾപ്പെടുത്താൻ ശ്രമിക്കുകയാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ്. ഈറ്റ് റൈറ്റ് കേരള ആപ്പിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ ഭക്ഷ്യവകുപ്പിൻറെ ഓഡിറ്റർമാർ പരിശോധന നടത്തിയാണ് ഹോട്ടലുകൾക്ക് റേറ്റിംഗ് നൽകുന്നത്.

## താല്പര്യപത്രം ക്ഷണിച്ചു

**കോഴിക്കോട്:** ജില്ലാ വനിത ശിശു വികസന ഓഫീസിന്റെ കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തിയുടെ ഭാഗമായി ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ ഓഫീസ് സജ്ജീകരിക്കുന്നതിനായി സാധനസാമഗ്രികൾ വാങ്ങുന്നതിന് ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചു. താല്പര്യപത്രം ജൂലൈ 29ന് വൈകുന്നേരം 4 മണിക്കകം ജില്ലാ വനിത ശിശു വികസന ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് : 0495 2370750

## സീറ്റൊഴിവ്

**കോഴിക്കോട്:** സിആപ്റ്റും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പി.എസ്.സി അംഗീകരിച്ച കെ.ജി.ടി.ഇ പ്രീപ്രസ്സ് ഓപ്പറേഷൻ, കെ.ജി.ടി.ഇ പ്രസ്സ്‌വർക്ക്, കെ.ജി.ടി.ഇ പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് എന്നീ കോഴ്സുകളിൽ കോഴിക്കോട് ഉപകേന്ദ്രത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റ് അർഹരായ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി/മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും. സിആപ്റ്റിന്റെ കോഴിക്കോട് സബ് സെന്ററിലാണ് കോഴ്സുകൾ നടത്തുന്നത്.

ചേരാൻ ആഗ്രഹിക്കുന്നവർ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം സിആപ്റ്റ് ട്രെയിനിംഗ് ഡിവിഷനിൽ ഹാജരാകണം. വിശദ വിവരങ്ങൾക്ക് 0495 2723666, 0495 2356591, kozhikode@captkerala.com.

## ക്വട്ടേഷൻ ക്ഷണിച്ചു

**തൃശൂർ:** ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗ ആശുപത്രിയിലെ 2022 23 വർഷത്തെ ഗർഹണ നടപടികളുടെ ഭാഗമായ സാമഗ്രികൾ വിൽപ്പന നടത്തുന്നതിന് വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു.

ചെമ്പ്, അലുമിനിയം, പിച്ചള എന്നീ സാമഗ്രികളുടെ തൂക്കത്തിന്റെ അടിസ്ഥാനത്തിലാണ് വിൽപ്പന. സാമഗ്രികളുടെ കിലോഗ്രാമിന്റെ വില ക്വട്ടേഷനിൽ രേഖപ്പെടുത്തണം. അടിസ്ഥാന വില കിലോഗ്രാമിന് ചെമ്പ് 420 രൂപ, അലുമിനിയം 150 രൂപ. ക്വട്ടേഷൻ നടപടികൾക്ക് സ്റ്റോർ പർച്ചേസ് നിയമം ബാധകമാണ്.

വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന സാമഗ്രികൾ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10നും വൈകിട്ട് അഞ്ചിനും ഇടയിൽ നേരിട്ട് കാണാം. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 27. ഫോൺ 0480 2732035.

## ഖാദി സ്റ്റോക്ക് ക്ലിയറൻസ് മേള

**തൃശൂർ:** കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് കീഴിലെ തൃശൂർ ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഒളരിക്കരയിലെ ഗവ. ആയുർവേദ ഡിസ്പെൻസറിയ്ക്ക് സമീപമുള്ള ഖാദി കോംപ്ലക്സിൽ 2023 ജൂലൈ 18 മുതൽ 22 വരെ ഖാദി സ്റ്റോക്ക് ക്ലിയറൻസ് മേള നടത്തുന്നു. ഖാദി വസ്ത്രങ്ങൾ 20 ശതമാനം മുതൽ 70 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാകും




# കുട്ടികളെ എങ്ങനെ ചിന്തിക്കണമെന്ന് പഠിപ്പിക്കണം ശശി തരൂർ

**ചാലക്കുടി:** കുട്ടികളെ കാലത്തിനനുസരിച്ച് ചിന്തിക്കാൻ പ്രാപ്തരാക്കണമെന്ന് ശശി തരൂർ എംപി പറഞ്ഞു. 2022 23 അധ്യയന വർഷത്തിൽ എസ്എസ്എൽസി, പ്ലസ് ടു ക്ലാസുകളിൽ ഫുൾ എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിന് ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 2023 എം എൽ എ അവാർഡ് ചടങ്ങ് ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു എംപി. ലോകത്തിൽ ടെക്നോളജി അതിവേഗം മാറുകയാണ്.

അതുകൊണ്ട് തന്നെ 2030ൽ ഉണ്ടാകാൻ പോകുന്ന തൊഴിൽ സാധ്യതകളിൽ മുപ്പത് ശതമാനം ഇന്ന് നിലവില്ലാത്ത തൊഴിലുകളാവും. ഈ യാഥാർത്ഥ്യം മനസ്സിലാക്കി കുട്ടികളെ കാലഘട്ടത്തിനനുസരിച്ച് സജ്ജരാക്കണമെന്നും എംപി പറഞ്ഞു.

ചടങ്ങിൽ ബെന്നി ബെഹന്നാൻ എംപി മുഖ്യാതിഥിയായി. ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ കുട്ടികളോട് സംവദിക്കുകയും സാപ്‌ളിംഗ് ഫോർ എക്സലൻസ് അവാർഡ് വിതരണോദ്ഘാടനവും നിർവഹിച്ചു.

ചടങ്ങിൽ സുനീഷ് കുമാർ ജോസഫ് എം എൽ എ അദ്ധ്യക്ഷത വഹിച്ചു. നഗരസഭ ചെയർമാൻ എബി ജോർജ്ജ്, ചാലക്കുടി ബ്ലോക്ക് പ്രസിഡന്റ് വേണു കണ്ഠരുമഠത്തിൽ, വാർഡ് കൗൺസിലർ ബിന്ദു ശശികുമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# റബർ കൃഷി നഷ്ടത്തിൽ; മറുവഴി തേടി കർഷകർ

**കോടശേരി:** വിലത്തകർച്ചയെത്തുടർന്നു റബർ കൃഷി ആദായകരമല്ലാതായതോടെ കർഷകർ മറ്റു വിളകളിലേക്കു തിരിയുന്നു. ടാപ്പിങ്ങിനു തൊഴിലാളികളെ കിട്ടാത്തതും പ്രശ്നമാണ്. റബർ മരം മുറിച്ചു മാറ്റി റംബൂട്ടാൻ അടക്കമുള്ള കൃഷികളിലേയ്ക്കും ഇടവിള കൃഷിയിലേയ്ക്കുമാണ് കർഷകർ തിരിയുന്നത്. ചായ്പൻകുഴി മേഖലയിലെ കർഷകൻ തച്ചേത്തുകുടി ബേബി തന്റെ രണ്ട് ഏക്കറിലെ 350 മരങ്ങൾ മുറിച്ചുമാറ്റി റംബുട്ടാൻ കൃഷിയിലേക്ക് മാറി.

റംബുട്ടാന് ഇടവിളയായി മത്തൻ, കുമ്പളം എന്നിവ നട്ടിട്ടുണ്ട്. ഇവ ഓണത്തിന് വിളവെടുക്കാമെന്ന പ്രതീക്ഷയിലാണ്. 3 വർഷം തികഞ്ഞാൽ റംബുട്ടാൻ ആദായം നൽകി തുടങ്ങും. റബറിന് 12 വർഷം മുൻപു 247രൂപ മാർക്കറ്റിൽ ലഭിച്ചിരുന്ന സ്ഥാനത്തു ജീവിത നിലവാര സൂചിക വളരെയേറെ ഉയർന്നിട്ടും ഇപ്പോഴത്തെ വില 147രൂപ മാത്രമാണ്. ഒരു കിലോ റബറിനു 350 രൂപയെങ്കിലും കിട്ടിയെങ്കിലേ കൃഷി മുൻപോട്ടു കൊണ്ടു പോകാൻ സാധിക്കുകയുള്ളൂവെന്നാണ് കർഷകർ പറയുന്നത്. കർഷകന് ആശ്വാസം പകരാനായി റബറിന്റെ ഇറക്കുമതി നിരോധിക്കണമെന്നും ജിഎസ്ടി കുറയ്ക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

## കോവിഡ്: 50 വിദ്യാർഥികൾക്ക് പഠനസഹായം ലഭ്യമാക്കി ജില്ലാ കളക്ടർ

**തൃശൂർ:** കോവിഡ് മഹാമാരിയിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട ജില്ലയിലെ വിദ്യാർഥികളുടെ തുടർ പഠനം ഉറപ്പുവരുത്താൻ ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ മുൻകൈയെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയിൽ ഇതിനകം പഠന സഹായം ലഭിച്ചത് 50 വിദ്യാർഥികൾക്ക്. ജില്ലയ്ക്കകത്തും പുറത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ കോഴ്സുകൾ ചെയ്യുന്ന വിദ്യാർഥികൾക്കാണ് ജില്ലാ കലക്ടർ ഇടപെട്ട് തുടർ പഠനത്തിന് സഹായം ഒരുക്കിയത്.

കോവിഡിനെ തുടർന്ന് കുടുംബത്തിലെ വരുമാനദായകരമായ മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്ക് അവരുടെ പഠനം തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോവാൻ സൗകര്യമൊരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് സമൂഹത്തിലെ സഹായമനസ്കരായ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നത്. കഴിഞ്ഞ മെയ് 20ന് ആദ്യ വിദ്യാർഥിക്ക് തുടർപഠന സഹായം ഉറപ്പുവരുത്തി ആരംഭിച്ച പദ്ധതിയിൽ ഒന്നര മാസം കൊണ്ടാണ് 50 വിദ്യാർഥികൾക്ക് സഹായം ലഭ്യമാക്കാനായത്. പഠനത്തിൽ മികവ് പുലർത്തുന്നവരും അതേസമയം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ വിദ്യാർഥികൾക്ക് മികച്ച പഠന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള സാമ്പത്തിക സഹായമാണ് പദ്ധതിവഴി ലഭ്യമാക്കുന്നത്.

നിലവിലെ കോഴ്സുകൾ പൂർത്തിയാക്കാൻ ആവശ്യമായ കോഴ്സ്, ഹോസ്റ്റൽ ഫീസുകൾ ഉൾപ്പെടെയുള്ള ചെലവുകളാണ് വിവിധ സ്പോൺസർമാർ വഴി ജില്ലാ കലക്ടർ വിദ്യാർഥികൾക്ക് കണ്ടെത്തി നൽകിയത്. ജില്ലയിലെ ശക്തൻ തമ്പുരാൻ കോളേജ്, ചിന്മയ മിഷൻ കോളേജ്, തൃശൂർ സിഎ ചാപ്റ്റർ, കുറ്റൂർ വെസ്റ്റ്ഫോർട്ട് കോളേജ് ഓഫ് നഴ്സിംഗ്, പാലക്കാട് ജില്ലയിലെ മലമ്പുഴ എസ്ഐഎംഇടി തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ജില്ലാ കലക്ടർ നേരിട്ട് ബന്ധപ്പെട്ട് കോഴ്സ് ഫീസ് പൂർണമായോ ഭാഗികമായോ ഒഴിവാക്കി നൽകുകയും ചെയ്തു. നിലവിൽ പഠിക്കുന്ന കോഴ്സുകൾക്ക് ആവശ്യമായ ചെലവുകളാണ് ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നത്. മികച്ച രീതിയിൽ കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് അവർ ആഗ്രഹിക്കുന്ന ഉന്നത പഠനത്തിനുള്ള സഹായവും പദ്ധതി വഴി ലഭ്യമാക്കും.

എഞ്ചിനീയറിംഗ്, ചാർട്ടേഡ് അക്കൗണ്ടന്റ്, ബിഎസ്സി നഴ്സിംഗ്, ബിഎസ്സി കെമിസ്ട്രി, ബിഎ ഇക്കണോമിക്സ്, ബിഎ ഇംഗ്ലീഷ്, ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്ക്, ലാബ് ടെക്നീഷ്യൻ, ബികോം, ആയുർവേദ തെറാപ്പി, ഹോട്ടൽ മാനേജ്മന്റ്, അനിമേഷൻ തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർഥികൾക്കാണ് ഇതിനകം സഹായം ലഭിച്ചത്. കോൺഫെഡറേഷൻ ഓഫ് റിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (ക്രെഡായ്), സരോജിനി ദാമോദരൻ ഫൗണ്ടേഷൻ, എരിഞ്ഞിപ്പുറത്ത് ഫാമിലി ട്രസ്റ്റ്, ഓൾ കേരള കെമിസ്റ്റ് അസോസിയേഷൻ, സന്നദ്ധ പ്രവർത്തകനും റിട്ടയേർഡ് ബാങ്ക് ഉദ്യോഗസ്ഥനുമായ കല്യാണകൃഷ്ണൻ തുടങ്ങിയവർ സ്പോൺസർമാരായി രംഗത്തെത്തി.

കോവിഡ് ബാധിച്ച് മാതാപിതാക്കളോ അവരിലൊരാളോ നഷ്ടപ്പെട്ട 609 കുട്ടികളാണ് ജില്ലയിലുള്ളത്. ഇവരിൽ 50 പേർക്കാണ് ഇതിനകം സഹായധനം ലഭ്യമാക്കിയത്.

# കെ എസ് ആർ ടി സി സ്വകാര്യവൽക്കരിച്ച് തൊഴിലാളികളെ രക്ഷിക്കണം

**കൊച്ചി:** നഷ്ടത്തിൽ നിന്നും നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന കെഎസ്ആർടിസി കഴിയുന്നിടത്തോളം ഇപ്പോഴത്തെ തൊഴിലാളികളെ നിലനിർത്തി സ്വകാര്യവൽക്കരിച്ചോ, തൊഴിലാളികൾക്ക് കർശന വ്യവസ്ഥകളോടെ കൈമാറിയോ ആ സ്ഥാപനത്തിലെ ആയിരക്കണക്കിന് ജീവനക്കാരെ രക്ഷിക്കണമെന്ന് ഡെമോക്രാറ്റിക് സോഷ്യൽ ജസ്റ്റിസ് പാർട്ടി (ഡി എസ് ജെ പി) പ്രസിഡന്റ് കെ എസ് ആർ മേനോൻ ആവശ്യപ്പെട്ടു. കെഎസ്ആർടിസി മാനേജിങ് ഡയറക്ടർ ബിജു പ്രഭാകർ തന്നെ യൂണിയനുകളെയും, മറ്റു ക്രമക്കേടുകളെയും കുറ്റപ്പെടുത്തി രാജിവെച്ചു ഒഴിയാൻ സന്നദ്ധത പ്രകടിപ്പിച്ചത് ഈ പൊതുമേഖല സ്ഥാപനത്തിൽ നടക്കുന്ന കെടുകാര്യസ്ഥതയുടെ തെളിവാണെന്നും നേതാക്കൾ പറഞ്ഞു.ആയിരത്തി ഇരുനൂറോളം ബസ്സുകൾ കട്ടപ്പുറത്താണെന്നും, അത്രയും തന്നെ തൊഴിലാളികൾ നിഷ്കർഷിച്ച ജോലി ചെയ്യാതെ മുങ്ങി നടക്കുകയാണെന്നുമുള്ള ബിജു പ്രഭാകറിന്റെ പ്രസ്താവന ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ പ്രതിസന്ധിയുടെ കാരണം വ്യക്തമാക്കുന്നു.പിഴയടിച്ചും നികുതി വർധിപ്പിച്ചും സ്വകാര്യ ബസ് ബിസിനസുകളെ ഒരു വശത്ത് തളർത്തുമ്പോൾ യൂണിയനുകളുടെ താൽപ്പര്യത്തിന് വഴങ്ങി കഴിവുള്ള മേധാവികളെ നിഷ്ക്രിയർ ആക്കി പൊതുമേഖലയെയും നശിപ്പിക്കുന്ന നയം സർക്കാർ ഉപേക്ഷിക്കണമെന്നും കെ എസ് ആർ മേനോൻ ആവശ്യപ്പെട്ടു. കണ്ണായ സ്ഥലങ്ങളിലെല്ലാം കോടി കണക്കിന് രൂപയുടെ ആസ്തി ഉള്ള കെഎസ്ആർടിസി, ഇപ്പോഴുള്ള തൊഴിലാളികളെ കഴിയുന്നിടത്തോളം നില നിർത്തി സ്വകാര്യവൽക്കരിച്ച് സ്ഥാപനത്തിന്റെ കടക്കണി മാറ്റുകയോ അല്ലെങ്കിൽ കൃത്യമായ വ്യവസ്ഥകളോടെ ഓരോ ബസ്സും തൊഴിലാളികൾക്ക് സംസ്ഥാനത്തിന്റെ ലാഭവിഹിതം ഉറപ്പാക്കി കൈമാറുകയോ ചെയ്യണം. പൊതുമേഖല സ്ഥാപനങ്ങളെയും സ്വകാര്യ മേഖല സ്ഥാപനങ്ങളെയും ഒരുപോലെ ഇല്ലാതാക്കുന്ന വിചിത്രമായ ഇടതുപക്ഷ സമീപനം വലിയ വിഷമവൃത്തത്തിലെക്കാണ് സംസ്ഥാനത്തെ നയിക്കുന്നതെന്ന് ജനം തിരിച്ചറിയണമെന്നും അദ്ദേഹം വ്യക്തമാക്കി.

# കടുങ്ങല്ലൂർ പഞ്ചായത്ത് ഓഫീസ്:നവീകരണ പ്രവർത്തനങ്ങൾ മാർച്ചിൽ പൂർത്തിയാകും



നങ്ങൾ മാർച്ച് 31ന് മുൻപ് പൂർത്തിയാക്കും. നിലവിൽ നവീകരണ പദ്ധതിയുടെ 75% പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ഇതുവരെ 33 ലക്ഷം രൂപയാണ് ചെലവഴിച്ചത്. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള തുക വകയിരുത്തിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഒന്നരക്കോടിയോളം രൂപ മുടക്കി നിർമ്മാണം പൂർത്തീകരിക്കുന്ന പുതിയ ഓഫീസ് കെട്ടിടം വയോജന, ഭിന്നശേഷി സൗഹൃദമായിരിക്കും. സ്ത്രീകൾക്ക് പ്രത്യേകമായി വിശ്രമമുറിയും ഫീഡിങ് റൂമും സജ്ജീകരിക്കുന്നുണ്ട്. പഞ്ചായത്ത് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന ആശാവർക്കർമാർക്കും കുടുംബശ്രീ പ്രവർത്തകർക്കും വിശ്രമകേന്ദ്രം ഒരുക്കുന്നുണ്ട്.ലിഫ്റ്റ് ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങളോടെ ഒരുങ്ങുന്ന പുതിയ കെട്ടിടത്തിൽ ടെലിവിഷൻ സ്ഥാപിക്കും. നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് കെട്ടിടത്തിന് ചുറ്റുമതിൽ, പ്രവേശനകവാടം എന്നിവ നിർമിക്കാനും ഗാന്ധി പ്രതിമ സ്ഥാപിക്കാനും പദ്ധതിയുണ്ട്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ കൃഷി ഓഫീസ് മാറ്റി സ്ഥാപിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ പറഞ്ഞു.

# കൃഷിക്കൊപ്പം കളമശ്ശേരി:പടിഞ്ഞാറേ കടുങ്ങല്ലൂരിൽ വിത്തിടൽ നടന്നു

**കൊച്ചി:** 'കൃഷിക്കൊപ്പം കളമശ്ശേരി' കാർഷിക വികസന പദ്ധതിയുടെ ഭാഗമായി പടിഞ്ഞാറേ കടുങ്ങല്ലൂരിൽ ആരംഭിച്ച കൃഷിയുടെ വിത്തിടൽ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ ഉദ്ഘാടനം ചെയ്തു. കടുങ്ങല്ലൂർ ഒന്നാം വാർഡിലെ അക്കാറയിൽ കൃഷി ചെയ്യുന്ന കുറ്റിപ്പയർ, മരച്ചീനി എന്നീ വിളകളുടെ വിത്തിടൽ ആണ് നടന്നത്. 65 സെന്റ് സ്ഥലത്താണ് സഹകരണബാങ്കിന്റെ സഹായത്തോടെ കൃഷിയിറക്കുന്നത്.പഞ്ചായത്തിലെ 1,10,21 വാർഡുകളിൽ കൃഷിയോട് താല്പര്യമുള്ളവരെ കണ്ടെത്തി നാല് ഗ്രൂപ്പുകളായി തിരിച്ചാണ് സഹകരണ ബാങ്ക് സഹായങ്ങൾ നൽകുന്നത്. കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ചെറിയ പലിശ നിരക്കിൽ ബാങ്ക് വായ്പ നൽകുന്നുണ്ട്. കൃഷി ചെയ്യുന്നവ വിൽക്കുന്നതിനായി പഴം പച്ചക്കറി വിപണനമേളയും ബാങ്കിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

# ചോയ്സ് ഇൻറർനാഷണലിന് 21.3 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** പ്രമുഖ ധനകാര്യ സേവന കമ്പനിയായ ചോയിസ് ഇൻറർനാഷണൽ ലിമിറ്റഡ് നടപ്പുസാമ്പത്തിക വർഷം ആദ്യ പാദത്തിൽ 21.3 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. നികുതിയും മറ്റ് ചെലവുകളും കിഴിക്കുന്നതിനുമുൻപുള്ള കമ്പനിയുടെ ലാഭം 37.6 കോടി രൂപയാണ്.വാർഷികാടിസ്ഥാനത്തിൽ കമ്പനിയുടെ വരുമാനം 77 ശതമാനം വർധിച്ച് 139.30 കോടി രൂപയായി. ചോയിസിൻറെ ബ്രോക്കിങ് ബിസിനസിലും ശക്തമായ വളർച്ച പ്രകടമായതായി കമ്പനി അറിയിച്ചു. 41,000 ഡീമാറ്റ് അക്കൗണ്ടുകളാണ് ആദ്യ പാദത്തിൽ കൂട്ടിച്ചേർക്കാനായത്. ഇതോടെ മൊത്തം ഡീമാറ്റ് അക്കൗണ്ടുകളുടെ എണ്ണം 7,21,000ൽ എത്തി.മ്യൂച്വൽ ഫണ്ട് ബിസിനസിൽ കൈകാര്യ ആസ്തി 405.4 കോടി രൂപയാണ്. 28 ശതമാനമാണ് ഈ വിഭാഗത്തിലെ വളർച്ച. ചോയിസിൻറെ ഇൻഷുറൻസ് ബ്രോക്കിങ് ബിസിനസിലും മികച്ച വളർച്ച നേടാനായി. മൊത്തം പ്രീമിയം വരുമാനം 186 ശതമാനം വളർച്ചയോടെ 33.8 കോടി രൂപയിലെത്തി. 8,008 പോളിസികൾ ആദ്യ പാദത്തിൽ വിറ്റു. പോളിസികളുടെ എണ്ണത്തിൽ 106 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്.ഇൻഷുറൻസ് ഉത്പന്നങ്ങൾ വിൽക്കുന്നതിനായി 25 ഓളം ഇൻഷുറൻസ് കമ്പനികളുമായും ചോയിസ് പങ്കാളിത്തത്തിലേർപ്പെട്ടിട്ടുണ്ട്. ബാങ്കിതര ധനകാര്യ സേവന (എൻബിഎഫ്സി) ബിസിനസിലും ചോയിസ് മികച്ച മുന്നേറ്റം കാഴ്ചവെച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ജൂണിലാണ് എൻബിഎഫ്സി ബിസിനസ് പൂർണതോതിൽ പ്രവർത്തനം തുടങ്ങിയത്. നിലവിൽ 415.2 കോടി രൂപയുടെ വായ്പ വിതരണം ചെയ്തു. റീട്ടെയ്ൽ വിഭാഗത്തിൽ മികച്ച വളർച്ച നേടുന്നതിലാണ് കമ്പനി ശ്രദ്ധകേന്ദ്രീകരിച്ചിട്ടുള്ളത്. ആദ്യ പാദത്തിൽ 148.4 കോടി രൂപയുടെ റീട്ടെയ്ൽ വായ്പകൾ നേടാൻ കമ്പനിക്കായി.കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനിക്ക് മികച്ച വർഷമായിരുന്നെന്നും വരും വർഷങ്ങളിൽ ഉയർന്ന വളർച്ച നേടാൻ ഇത് പ്രോത്സാഹനമായതായും ചോയിസ് ഇൻറർനാഷണൽ എം.ഡി. കമൽ പൊഡ്ഡാർ പറഞ്ഞു. പുതിയ സാമ്പത്തിക വർഷം ആദ്യ പാദത്തിൽ തന്നെ മെച്ചപ്പെട്ട തുടക്കം രേഖപ്പെടുത്താനായെന്നും ഇത് അടുത്ത വർഷത്തേക്കുള്ള അടിത്തറപാകിയതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# ലുലു സെലിബ്രേറ്റ് അവർ ബ്രൈഡ് അവർ പ്രൈഡ് മത്സരം




കൊച്ചി ,:സ്നേഹത്തിൻറെ പുത്തൻ മത്സരഭാവങ്ങൾ തീർത്ത ലുലു സെലിബ്രേറ്റ് അവർ ബ്രൈഡ് അവർ പ്രൈഡ് കോൺടെസ്റ്റിന് ആവേശസമാപനം. കലാപ്രകടനങ്ങളും രസകരമായ മത്സര റൗണ്ടുകളും നിറഞ്ഞ അവർ ബ്രൈഡ് അവർ പ്രൈഡ് മത്സരാർത്ഥികൾക്ക് പുത്തൻ അനുഭവമമാണ് സമ്മാനിച്ചത്. വിവിധ റൗണ്ടുകൾ നീണ്ട കപ്പിൾ കോൺടെസ്റ്റിൽ 40ൽ അധികം ദമ്പതികൾ പങ്കെടുത്തു. ലുലു സെലിബ്രേറ്റിൽ നിന്ന് ഇക്കഴിഞ്ഞ സീസണിൽ പർച്ചേസ് ചെയ്ത നവദമ്പതികളെയും ബ്രൈഡ!ൽ ഉപഭോക്താക്കളുമാണ് മത്സരത്തിൽ ഭാഗമായത്. ഇവരിൽ നിന്ന് ഏറ്റവും മികവ് പുലർത്തിയ അഞ്ച് ദമ്പതികളെയാണ് ഫൈനൽ റൗണ്ടിലേക്ക് തെരഞ്ഞെടുത്തത്. ഒന്നാം സമ്മാനമായ നിസ്സാൻ മാഗ്നൈറ്റ് കാർ നവദമ്പതികളായ നിഥിൻ കെ സജിയും സ്റ്റെഫി ബൈജുവും സ്വന്തമാക്കി. രണ്ടാം സമ്മാനമായ സൗജന്യ ക്വാലലംപൂർ യാത്രയ്ക്ക് ഡെൽവിൻ സാബു, അമല പൗലോസ് എന്നിവർ അർഹരായി. മൂന്നാം സമ്മാനമായ പതിനായിരം രൂപയുടെ ക്യാഷ് പ്രൈസ് സഫൻ കെ സലീം അഷ്ന റഷീദ് ദമ്പതികൾക്ക് ലഭിച്ചു. അവർ അവർ ബ്രൈഡ് അവർ പ്രൈഡിൽ ഭാഗമാകാനായതിൽ ഏറെ സന്തോഷമുണ്ടെന്നും ഓരോ റൗണ്ടും ആവേശം നിറഞ്ഞ മത്സരാനുഭവമാണ് സമ്മാനിച്ചതെന്നും വിജയികൾ വ്യക്തമാക്കി.സിനിമാ താരങ്ങളായ കൈലാഷ്, കൃഷ്ണപ്രഭ എന്നിവരാണ് വിജയികളെ തെരഞ്ഞെടുത്തത്. നടൻ അജ്മൽ അമീർ, കോട്ടയം നസീർ എന്നിവർ ചേർന്ന് വിജയികൾക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചു. വിവാഹജീവിതം എല്ലാവർക്കും വ്യത്യസ്ഥമായ അനുഭവമാണെന്നും എല്ലാ തലത്തിലും അനുഭവിച്ച് മുന്നേറുകയാണ് വേണ്ടതെന്നും മത്സരത്തിൽ ഭാഗമായ നവദമ്പതികളോട് കോട്ടയം നസ്സീർ പറഞ്ഞു. നിസാൻ റീജിയണൽ സെയിൽസ് മാനേജർ പ്രജിത്ത് മോഹൻ, ലുലു സെലിബ്രേറ്റ് ബിസിനസ് ഹെഡ് സിദ്ധാർഥ് ശശാങ്കൻ, ലുലു സെലിബ്രേറ്റ് മാർക്കറ്റിങ്ങ് മാനേജർ ദീപക് ബാബു എന്നിവരും ചടങ്ങിൽ ഭാഗമായി.

# സമൂഹത്തിന്റെ വളർച്ചയിൽ തൊഴിൽ നൈപുണ്യമുള്ള ജനതയ്ക്ക് മുഖ്യ പങ്ക്

**കൊച്ചി:** സമൂഹത്തിന്റെ വളർച്ചയിൽ തൊഴിൽ നിപുണരായ ജനത പ്രധാന പങ്കു വഹിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷ്. അന്താരാഷ്ട്ര യുവജന നൈപുണ്യ ദിന ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ ഭൂമിശാസ്ത്രത്തിനും പരിസ്ഥിതിക്കും അനുയോജ്യമായ വിദഗ്ധ തൊഴിലുകൾ സൃഷ്ടിക്കണം. വ്യത്യസ്തമായ തൊഴിൽ മേഖലകളിലൂടെയാണ് സമൂഹത്തിന്റെ വികസനം സാധ്യമാകുന്നത്. തൊഴിൽ വൈദഗ്ധ്യത്തിൽ യുവജനങ്ങൾ അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്നും യുവജനങ്ങൾ കൂടുതലുള്ള കേരളത്തിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കണമെന്നും അദ്ദേഹം പറഞ്ഞു. യുവജന നൈപുണ്യ ദിന ആഘോഷങ്ങളുടെ ഭാഗമായി എറണാകുളം ജില്ലാ സ്കിൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ട്രെയിനർ രജിസ്ട്രേഷൻ ഡ്രൈവിന് തുടക്കം കുറിച്ചു. സംസ്ഥാനത്തെ നൈപുണ്യ പരിശീലകരുടെ വിപുലമായ വിവര ശേഖരണവുമായി ബന്ധപ്പെട്ടാണ് ജില്ലാ നൈപുണ്യ വികസന സമിതിയുടെ നേതൃത്വത്തിൽ ഒരു മാസം നീണ്ടു നിൽക്കുന്ന രജിസ്ട്രേഷൻ ഡ്രൈവിന് തുടക്കമായത്.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** നോർത്ത് പറവൂർ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ അങ്കണവാടി വർക്കർമാരുടേയും, അങ്കണവാടി ഹെൽപ്പർമാരുടേയും നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും നിയമനം (നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം) നടത്തുന്നതിനായി കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ സ്ഥിരതാമസക്കാരും സേവന തത്പരരുമായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.അപേക്ഷകരുടെ പ്രായം 01.01.2023 ൽ 18 വയസ്സ് പൂർത്തിയാകേണ്ടതും, 46 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്. അപേക്ഷകൾ 18 മുതൽ അടുത്ത മാസം 5 വരെ നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ടിൽ സ്വീകരിക്കുന്നതാണ്. അപേക്ഷയുടെ മാതൃക നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ട്, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് നോർത്ത് പറവൂർ സിവിൽ സ്റ്റേഷൻ 2ാം നിലയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ : 0484 2448803

## താത്കാലിക നിയമനം

**ആലപ്പുഴ:** കായംകുളം താലൂക്കാശുപത്രിയിൽ ഉച്ചയ്ക്ക് 12 മുതൽ രാത്രി വരെയുള്ള സായാഹ്ന ഒ.പി വിഭാഗം കൈകാര്യം ചെയ്യുന്നതിന് ഡോക്ടർമാരെ താത്കാലികമായി നിയമിക്കുന്നു. താത്പര്യമുള്ളവർ ജൂലൈ 25ന് രാവിലെ 11 മണിയ്ക്ക് നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. ഫോൺ: 0479 2447274.

## അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** കായംകുളം ഗവ. ഐ.ടി.ഐയിൽ എൻ.സി.വി.ടി അംഗീകാരമുള്ള മെട്രിക്ക് ട്രേഡുകളിലേക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. ഡ്രാഫ്ട്സ്മാൻ സിവിൽ (രു വർഷം),കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (ഒരു വർഷം). അപേക്ഷകൾ https://itiadmissions.kerala.gov.in എന്ന പോർട്ടൽ മുഖാന്തിരം സമർപ്പിക്കണം. അവസാന തീയതി ജൂലൈ 20. വെബ്സൈറ്റ്: www.itikayamkulam.gov.in. ഫോൺ: 0479 2442900

## യുവ സാഹിത്യ ക്യാമ്പിൽ പങ്കെടുക്കാം

**ആലപ്പുഴ:** സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന യുവ സാഹിത്യ ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ളവർ തങ്ങളുടെ രചനകൾ (കഥ, കവിത മലയാളത്തിൽ) ജൂലൈ 31 നകം yuvasahithyacamp2023@gmail.com എന്ന ഇമെയിൽ വിലാസത്തിലോ തപാൽ മുഖേനയോ അയയ്ക്കണം. മുൻപ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും മൗലീകവുമായ രചനകൾ ഡി.റ്റി.പി ചെയ്ത്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ബയോഡേറ്റാ,വാട്സ്പ്പ് നമ്പർ എന്നിവ സഹിതം നൽകണം. കവിത 60 വരിയിലും കഥ എട്ട് ഫുൾസ്കാപ്പ് പേജിലും കവിയരുത്. രചനകൾ അയയ്ക്കേ വിലാസം കേരളസംസ്ഥാന യുവജനക്ഷേമ ബോർഡ്, സ്വാമിവിവേകാനന്ദ യൂത്ത് സെന്റർ, കുടപ്പനകുന്ന്പി.ഒ, ദൂരദർശൻ കേന്ദ്രം തിരുവനന്തപുരം43.

## ടെൻഡർ ക്ഷണിച്ചു

**ആലപ്പുഴ:** ജില്ലാ ശിശു സംരക്ഷണ ഓഫീസിന്റെ ആവശ്യത്തിന് 2023 24 സാമ്പത്തിക വർഷത്തേക്ക് വാഹനം വാടകയ്ക്ക് നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു. ഏഴു വർഷത്തിൽ താഴെ പഴക്കവും ടാക്സി പെർമിറ്റുമുള്ള കാർ അല്ലെങ്കിൽ ജീപ്പാണ് ആവശ്യം. ജൂലൈ 31 ഉച്ചയ്ക്ക് ഒന്നു വരെ ടെൻഡർ സ്വീകരിക്കും. ഫോൺ: 04772241644.

## അപേക്ഷ തീയതി നീട്ടി

**ആലപ്പുഴ:** ചെങ്ങന്നൂർ വനിത ഐ.ടി.ഐയിൽ 2023 വർഷത്തെ അഡ്മിഷനുള്ള അപേക്ഷ തീയതി നീട്ടി. ഡ്രാഫ്റ്റ്സ്മാൻ സിവിൽ,സർവ്വേയർ, ഇലക്ട്രോണിക്സ് മെക്കാനിക്ക്,കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ് വർക്ക് മെയിൻന്ററനൻസ്, സ്റ്റെനോഗ്രാഫർ ആൻഡ് സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്), ഡ്രസ്സ് മേക്കിംഗ് ട്രേഡുകളിലേക്കാണ് അഡ്മിഷൻ നടത്തുന്നത്. ജൂലൈ 20 വൈകിട്ട് അഞ്ചു വരെ അപേക്ഷിക്കാം. അപേക്ഷകൾ
www.itiadmissions.kerala.gov.in മുഖേന സമർപ്പിക്കേതും തൊട്ടടുത്ത സർക്കാർ ഐ.ടി.ഐയിലെത്തി വെരിഫിക്കേഷൻ പൂർത്തിയാക്കേതുമാണ്.



കർക്കിടക വാവ് ദിനമായിരുന്ന ഇന്നലെ പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ നടന്ന ബലി തർപ്പണം

# പിതൃപുണ്യം തേടി പാവക്കുളം മഹാദേവക്ഷേത്രത്തിൽ ആയിരങ്ങൾ ബലി തർപ്പണം നടത്തി

**കൊച്ചി:** കർക്കിടക വാവ് ദിനത്തിൽ പിതൃപുണ്യം തേടി പാവക്കുളം മഹാദേവക്ഷേത്രത്തിൽ ആയിരങ്ങൾ ബലി തർപ്പണം നടത്തി. വിശ്വഹിന്ദുപരിഷത്തിന്റെയും പാവക്കുളം മഹാദേവ ക്ഷേത്രസമിതിയുടെയും നേതൃത്വത്തിൽ ഇന്നലെ പുലർച്ചെ മുതൽ ആരംഭിച്ച ബലി തർപ്പണ ചടങ്ങുകൾക്ക് അർച്ചക്ക് പുരോഹിത് കെ.ആർ ശശികുമാര പണിക്കർ മുഖ്യകാർമ്മികത്വം വഹിച്ചു. ഒരേ സമയം മൂന്നൂറിലധികം പേർക്ക് ബലിതർപ്പണം ചെയ്യുന്നതിനുള്ള സൗകര്യം ക്ഷേത്രം ഓഡിറ്റോറിയിൽത്തിൽ ഒരുക്കിയിരുന്നത് ഭക്തർക്ക് ഏറെ സഹായകരമായി. പ്രായമായവർക്കും നിലത്തിരിക്കാൻ ബുദ്ധിമുട്ടുള്ളവർക്കും ബലി തർപ്പണത്തിനായി പ്രത്യേക സൗകര്യവും ഏർപ്പെടുത്തിയിരുന്നു. പുലർച്ചെ ആറു മുതൽ 11 വരെ നീണ്ടു നിന്ന ചടങ്ങിൽ രണ്ടായിരത്തിലധികം ഭക്തർ തങ്ങളുടെ പിതൃക്കൾക്ക് ബലി തർപ്പണം നടത്തി സായൂജ്യം നേടി. രാമായണ മാസാചരണത്തിന്റെ ഭാഗമായി അഖണ്ഡ രാമായണ പാരായണത്തിനും ഇന്നലെ ക്ഷേത്രത്തിൽ തുടക്കമായി.

---

# പകർച്ച വ്യാധികൾക്കെതിരെ ജാഗ്രത പുലർത്തണം

**ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും മറ്റും അടഞ്ഞുകിടന്ന വീടുകളിലേക്ക് എത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കണം. മലിന ജലവുമായും കെട്ടിക്കിടക്കുന്ന മഴവെള്ളവുമായും സമ്പർക്കത്തിലായവരും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സി സൈക്ലിൻ ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശപ്രകാരം കഴിക്കണം**

**ആലപ്പുഴ :**ആലപ്പുഴ ജില്ലയിലെ പല സ്ഥലങ്ങളിലും വെള്ളം കയറിയിറങ്ങിയ സാഹചര്യത്തിൽ വീടുകളിലേക്ക് മടങ്ങിയെത്തുന്നവർ പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. കക്കൂസുകളിൽ നിന്നുള്ള മാലിന്യങ്ങളുൾപ്പെടെ കാനകളും, തോടുകളും കവിഞ്ഞൊഴുകിയിരിക്കുന്നതിനാൽ കുടിവെള്ള സ്രോതസ്സുകളും വീടും പരിസരവും മലിനമായിരിക്കും. ഇത് എലിപ്പനി, ഡെങ്കിപ്പനി, വയറിളക്ക രോഗങ്ങൾ, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിന് ഇടയാക്കും. ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും മറ്റും അടഞ്ഞുകിടന്ന വീടുകളിലേക്ക് എത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കണം. മലിന ജലവുമായും കെട്ടിക്കിടക്കുന്ന മഴവെള്ളവുമായും സമ്പർക്കത്തിലായവരും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സി സൈക്ലിൻ ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശപ്രകാരം കഴിക്കണം. വെള്ളക്കെട്ടുകൾ രൂപപ്പെട്ടതിനാൽ വീട്ടു പരിസരങ്ങളിലും വഴികളിലും ജലത്തിൽ ചവിട്ടി സഞ്ചരിക്കേണ്ടി വരുന്നവരും തൊഴിൽ സാഹചര്യവുമായി ബന്ധപ്പെട്ട് മലിന ജലസമ്പർക്കം ഉണ്ടാവുന്നവരും എലിപ്പനി പ്രതിരോധ ഗുളിക കഴിക്കണം. എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും പ്രതിരോധ ഗുളിക സൗജന്യമായി ലഭ്യമാണ്.വെള്ളം കയറിയ പ്രദേശങ്ങളിലെ വീടുകൾ അണുനശീകരണി ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. അടഞ്ഞു കിടന്ന വീടുകളിലും മറ്റും ഇഴജന്തുക്കൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ശുചീകരണവേളയിൽ പ്രത്യേകം ശ്രദ്ധിക്കണം. ശുചിമുറിയും പരിസരവും വൃത്തിയാക്കണം.മലിനജലത്തിൽ ജോലി ചെയ്യേണ്ട സാഹചര്യത്തിൽ വ്യക്തിഗത സുരക്ഷാ ഉപാധികൾ (ഗംബൂട്ട്, കയ്യുറ, തുടങ്ങിയവ) നിർബന്ധമായും ഉപയോഗിക്കണം. കുടിവെള്ള സ്രോതസ്സുകൾ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് ശുദ്ധീകരിച്ചതിന് ശേഷം മാത്രം ഉപയോഗിക്കുക. കിണർ, പൈപ്പ്, ആർ.ഒ പ്ലാന്റ് തുടങ്ങി ഏതു സ്രോതസ്സിൽ നിന്നാണെങ്കിലും തിളപ്പിച്ചാറിയ ശേഷം മാത്രമേ കുടിവെള്ളം ഉപയോഗിക്കാവൂ. വീടുകളിൽ തുറന്ന നിലയിൽ സൂക്ഷിച്ചിരുന്ന ഭക്ഷ്യവസ്തുക്കളും മറ്റും ഉപയോഗിക്കരുത്. വെള്ളം ശേഖരിച്ച് വെക്കുന്ന ബക്കറ്റുകളും മറ്റ് പാത്രങ്ങളും കഴുകി വൃത്തിയാക്കിയതിനു ശേഷം മാത്രം ഉപയോഗിക്കുക. വീട് വൃത്തിയാക്കുമ്പോൾ പാഴ്വസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയരുത്. വെള്ളം കെട്ടിക്കിടന്ന് കൊതുക് പെരുകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. ഈച്ച ശല്യം ഒഴിവാക്കുന്നതിനായി ഭക്ഷണാവശിഷ്ടങ്ങൾ പുറത്തേക്ക് വലിച്ചെറിയാതിരിക്കാൻ ശ്രദ്ധിക്കുക. ഭക്ഷ്യ സാധനങ്ങൾ അടച്ചു സൂക്ഷിക്കണം. വീടിനു പുറത്ത് ഇറങ്ങുമ്പോഴെല്ലാം നിർബന്ധമായും ചെരുപ്പ് ഉപയോഗിക്കുക. ആഹാരം കഴിക്കുന്നതിനു മുൻപും ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുൻപും ശൗചാലയം ഉപയോഗിച്ചതിന് ശേഷവും കൈകൾ സോപ്പുപയോഗിച്ച് നന്നായി കഴുകണം.വൈറൽ പനി, എച്ച് 1 എൻ 1, കോവിഡ് തുടങ്ങിയ പകർച്ചവ്യാധികൾ തടയുവാൻ മാസ്ക് ധരിക്കുക. തുറസ്സായ സ്ഥലങ്ങളിൽ തുപ്പുകയോ മലമൂത്ര വിസർജ്ജനം നടത്തുകയോ ചെയ്യരുത്. പനിയോ, മറ്റ് രോഗലക്ഷണങ്ങളോ ഉണ്ടായാൽ സ്വയം ചികിത്സിക്കാതെ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടതാണെന്നും ഡി.എം.ഒ. അറിയിച്ചു.

# അഡ്വാൻസ്ഡ് ഗ്രോ ഹെയർ ആന്റ് ഗ്ലോ സ്കിൻ പ്രവർത്തനമാരംഭിച്ചു



**കൊച്ചി:** പ്രമുഖ കേശചർമ്മ സംരക്ഷണ ബ്രാൻഡായ അഡ്വാൻസ്ഡ് ഗ്രോ ഹെയർ ആന്റ് ഗ്ലോ സ്കിൻ കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു. ഇരുപത്തിയൊന്നാമത് ബ്രാഞ്ചാണ് കൊച്ചി മാധവാ ഫാർമസി ജംഗ്ഷനിലെ ശീമാട്ടി അർബൻ ജംഗ്ഷനിൽ ആരംഭിച്ചത്.സിനിമാ താരങ്ങളായ അജു വർഗീസ്, അനുശ്രീ നായർ, ശീമാട്ടി സിഇഒ ബീനാ കണ്ണൻ എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു.മികച്ച സേവനം, അത്യാധുനിക സാങ്കേതികവിദ്യ, മുടി തഴച്ചുവളരുന്നതിനുള്ള വെൽനസ് സൊല്യൂഷനുകൾ എന്നിവ നൽകുന്നതിനാണ് അഡ്വാൻസ്ഡ് ഗ്രോ ഹെയർ & ഗ്ലോ സ്കിൻ ക്ലിനിക് പ്രാധാന്യം നൽകുന്നതെന്ന് അഡ്വാൻസ്ഡ് ഗ്രോ ഹെയർ & ഗ്ലോ സ്കിൻ ഗ്രൂപ്പ് സ്ഥാപകനും, മാനേജിംഗ് ഡയറക്ടറുമായ ജെ ശരൺ വേൽ പറഞ്ഞു. പെർക്യൂട്ടേനിയസ് ഫ്യൂ ഹെയർ ട്രാൻസ്പ്ലാന്റ്, പിആർപി പ്രോ പ്ലസ്, ലേസർ ഹെയർ തെറാപ്പി, അഡ്വാൻസ്ഡ് ഗ്രോ ഹെയർ കോസ്മെറ്റിക് സിസ്റ്റം, ക്ലിനിക്കൽ, നോൺക്ലിനിക്കൽ ഹെയർ ട്രീറ്റ്മെന്റുകൾ, ഹൈഡ്രോഫേഷ്യൽ, ക്യു സ്വിച്ച്ഡ് ലേസർ, കെമിക്കൽ പീൽ, ബോട്ടോക്സ്, ഫില്ലറുകൾ, ത്രെഡ് ലിഫ്റ്റ്, ഫുൾ ബോഡി ലേസർ, ഫേസ് പിആർപി, അരിമ്പാറ നീക്കംചെയ്യൽ തുടങ്ങി നിരവധി ചർമ്മ ചികിത്സകൾ എന്നിവ പേറ്റന്റ് നേടിയ ഹൈഎൻഡ് മെഷിനറിയുടെ സഹായത്തോടെ അഡ്വാൻസ്ഡ് ഗ്രോ ഹെയർ & ഗ്ലോ സ്കിൻ ക്ലിനിക് ഉപഭോക്താക്കൾക്ക് നൽകുന്നു.2021ലാണ് അഡ്വാൻസ്ഡ് ഗ്രോ ഹെയർ & ഗ്ലോ സ്കിൻ ക്ലിനിക് പ്രവർത്തനം ആരംഭിച്ചത്. 2024 ഓടെ 100 ക്ലിനിക്കുകളുടെ ഒരു ശൃംഖല സ്ഥാപിക്കുകയാണ് ലക്ഷ്യമെന്നും ജെ ശരൺ വേൽ പറഞ്ഞു. ചർമ്മ കേശ രംഗത്തെ വിദഗ്ധരായ ജീവനക്കാരുടെ മികവുറ്റ സേവനമാകും കൊച്ചിക്ക് ലഭ്യമാകുകയെന്ന് ശീമാട്ടി സിഇഒ ബീനാ കണ്ണൻ പറഞ്ഞു. ചടങ്ങിൽ ബീനാ കണ്ണന്റെ ജന്മദിനാഘോഷവും നടന്നു. വിവിധ ഫ്രാഞ്ചസി ഉടമകൾ, ജീവനക്കാർ തുടങ്ങിയവർ ഉദ്ഘാടന പരിപാടിയിൽ സംബന്ധിച്ചു.

# ' മികവ് 2023 ' ; എ പ്ലസ് നേടിയ വിദ്യാർഥികൾക്ക് ടി ജെ വിനോദ് എം.എൽ.എയുടെ വിദ്യാഭ്യാസ അവാർഡ്



**കൊച്ചി:** എറണാകുളം നിയോജകമണ്ഡലത്തിൽ ഈ കഴിഞ്ഞ എസ്.എസ്.എൽ.സി പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മികവിന്റെ വിദ്യാഭ്യാ അവാർഡ് സമ്മാനിച്ച് ടി.ജെ വിനോദ് എം.എൽ.എ.സെന്റ് തെരെസാസ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന അവാർഡ് ദാന സമ്മേളനം ശശി തരൂർ എം.പി ഉദ്ഘാടനം ചെയ്തു.കാലഘട്ടത്തിനു അനുസൃതമായി വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ അനിവാര്യമാണെന്നു ശശി തരൂർ എം.പി പറഞ്ഞു.നിവിലുള്ള പല തൊഴിലും തൊഴിൽ സാധ്യതകളും 2030 ഓടെ ഇല്ലാതെയാവും. ടെക്നോളജിയിലെ മാറ്റങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് വിദ്യാഭ്യാസ രംഗം മുന്നേറിയാലേ ലോകത്തിനു അഭിമാനിക്കാവുന്ന ഒരു തലമുറയെ വാർത്തെടുക്കാനാകുവെന്നും ശശി തരൂർ എം.പി പറഞ്ഞു.ടി.ജെ.വിനോദ് എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹൈബി ഈഡൻ എം.പി, മേയർ അഡ്വ. അനിൽകുമാർ, ജില്ല കളക്ടർ എൻ.എസ്.കെ ഉമേഷ്, ഡോ.ജോസ് ചാക്കോ പെരിയാപുരം, സിസ്റ്റർ വിനീത, കെ.ജി.രാജേഷ്, ബി.ജെ. അലക്സാണ്ടർ, മനു ജേകബ് തുടങ്ങിയവർ പ്രസംഗിച്ചു. മന്ത്രികൻ മജിഷ്യൻ സാമ്രാജ് അവതരിപ്പിച്ച മാജിക് ഷോ വിദ്യാർഥികൾക്ക് തികച്ചും വ്യത്യസ്തമായ ഒരു അനുഭവമായി. എഡിസൺ ഫ്രാൻസ്, അവിനാഷ് കുളൂർ എന്നിവരുടെ മോട്ടിവേഷൻ ക്ലാസ്സുകളും മികവ് 2023 നോട് അനുബന്ധിച്ചു നടന്നു.എറണാകുളം നിയോജക മണ്ഡലത്തിലും സമീപ പ്രദേശങ്ങളിലുമായി 1500 ഓളം വിദ്യാർത്ഥികൾ ചടങ്ങിൽ പങ്കെടുത്തു. 200 ൽ അധികം വിദ്യാർത്ഥികൾ സ്പോട്ട് രജിസ്ട്രേഷൻ ഉപയോഗിച്ചും 1300 ഓളം കുട്ടികൾ സ്കൂൾ വഴിയായും രജിസ്റ്റർ ചെയ്തതായി ടി.ജെ. വിനോദ് എം.എൽ.എ അറിയിച്ചു.100% വിജയം കൈവരിച്ച സ്കൂളുകൾക്കുള്ള ട്രോഫിയും ചടങ്ങിൽ ശശി തരൂർ എം.പി വിതരണം ചെയ്തു.

# എഎൻകെ ലൈഫ്കെയറിന് മെട്രോ എംഎസ്എംഇ അവാർഡ്



**കൊച്ചി:** കൊച്ചി ആസ്ഥാനമായി ലൈഫ്കെയർ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന, വിതരണരംഗത്തു പ്രവർത്തിക്കുന്ന എഎൻകെ ലൈഫ്കെയറിന് ലൈഫ് കെയർ ഉൽപ്പന്നരംഗത്തെ മികവിന് മെട്രോ എംഎസ്എംഇ അവാർഡ്. കെഎസ്ഐഡിസി, ട്രിവാൻഡ്രം ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ആറാമത് അവാർഡ്നിശയിലാണ് അവാർഡ്. ചേംബർ പ്രസിഡന്റ് എസ് എൻ രഘുചന്ദ്രൻ നായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻമന്ത്രി രമേശ് ചെന്നിത്തല എംഎൽഎയിൽ നിന്ന് എഎൻകെ ലൈഫ്കെയർ ഡയറക്ടർമാരായ അമിത് മേത്ത, അങ്കിത് മേത്ത എന്നിവർ അവാർഡ് ഏറ്റുവാങ്ങി.

# ഫ് ളെയർ റൈറ്റിങ് ഐപിഒയ്ക്ക് ഒരുങ്ങുന്നു

**കൊച്ചി:** പേനകളുടേയും എഴുത്തുപകരണങ്ങളുടേയും മേഖലയിൽ 45 വർഷത്തെ പാരമ്പര്യമുള്ള ഫ് ളെയർ ബ്രാൻഡിന്റെ ഉടമസ്ഥരായ ഫ് ളെയർ റൈറ്റിങ് ഓഹരി വിപണിയിലേക്കു നീങ്ങുന്നതിനു മുന്നോടിയായി സെബിക്ക് അപേക്ഷ (ഡ്രാഫ്റ്റ് റെഡ് ഹെറിങ് പ്രോസ്പെക്ടസ്) സമർപ്പിച്ചു. അഞ്ചു രൂപ മുഖവിലയുള്ള ഓഹരികൾ വഴി 745 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ഉദ്ദേശിക്കുന്നത്. ഇതിൽ 365 കോടി രൂപ പുതിയ ഓഹരികളുടേതായിരിക്കും. ഗുജറാത്തിൽ പുതിയ നിർമാണശാല സ്ഥാപിക്കുന്നതിനും കമ്പനിയുടേയും സബ്സിഡിയറികളുടേയും അടക്കമുള്ള ആവശ്യങ്ങൾക്കാവും സമാഹരിക്കുന്ന പണം വിനിയോഗിക്കുക. പേന വ്യവസായ മേഖലയിലെ ആദ്യ മൂന്നു സ്ഥാപനങ്ങളിലൊന്നായ കമ്പനി കഴിഞ്ഞ സാമ്പത്തിക വർഷം 915.55 കോടി രൂപയുടെ വരുമാനമാണ് കൈവരിച്ചത്.

# ഐസിഐസിഐ ബാങ്കിന് തമ്മനത്ത് പുതിയ ശാഖ



**കൊച്ചി:** ഐസിഐസിഐ ബാങ്കിൻറെ പുതിയ ശാഖ തമ്മനത്ത് ഉമാ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ബാങ്കിന്റെ നഗരത്തിലെ 39മത് ശാഖയാണിത്. വൈലോപ്പിള്ളി റോഡിലെ കുത്തപ്പാടിയിലെ ഗ്രീനെസ്റ്റ് ബിൽഡിംഗിലാണ് പുതിയ ശാഖ. 24 മണിക്കൂറും പ്രവർത്തിക്കുന്ന എടിഎംക്യാഷ് റീസൈക്ലർ മെഷീനും (സിആർഎം) ശാഖയോട് അനുബന്ധിച്ചുണ്ട്. 200 ശാഖകളുടേയും 370 എടിഎമ്മുകളുടേയും വിപുലമായ ശൃംഖലയാണ് ബാങ്കിനു കേരളത്തിലുള്ളത്. അക്കൗണ്ടുകൾ, നിക്ഷേപങ്ങൾ, വായ്പകൾ, സേവിംഗ്സ് & കറൻറ് അക്കൗണ്ടുകൾ, ട്രെയ്ഡ്, ഫോറെക്സ് സേവനങ്ങൾ, സ്ഥിര, റിക്കറിങ് നിക്ഷേപ സൗകര്യങ്ങൾ, ബിസിനസ്സ്, ഭവന, വാഹന, സ്വർണ, വ്യക്തിഗത വായ്പകൾ, കാർഡ് സേവനങ്ങൾ, എൻആർഐ ഇടപാടുകൾ എന്നിവയടക്കം സമഗ്രമായ ബാങ്കിങ് സേവനം ബ്രാഞ്ചിൽ ലഭ്യമാണ്. ഇടപാടുകാർക്ക് ലോക്കർ സൗകര്യവും ബാങ്ക് ലഭ്യമാക്കിയിട്ടുണ്ട്. തിങ്കൾ മുതൽ വെള്ളിവരെ 9.30 മുതൽ 3.00 വരെയും മാസത്തിലെ ആദ്യത്തെയും മൂന്നാമത്തെയും അഞ്ചാമത്തെയും ശനിയാഴ്ചകളിലും ഇടപാടുകാർക്ക് ബാങ്ക് സേവനങ്ങൾ ലഭ്യമാക്കുന്നു.

# കോട്ടയത്ത് രണ്ട് പുതിയ സ്റ്റോറുകൾ തുറന്ന് ക്രോമ




**കോട്ടയം:** കോട്ടയത്ത് രണ്ട് പുതിയ സ്റ്റോറുകൾ കൂടി തുറന്നതായി ക്രോമ അറിയിച്ചു. എംസി റോഡിലെ പുതിയ ക്രോമ സ്റ്റോർ കമ്പനിയുടെ കേരളത്തിലെ ഏഴാമത്തെ സ്റ്റോറാണ്. കോട്ടയത്തെ ആദ്യത്തേതും. കെകെ റോഡിൽ തുറന്ന പുതിയ സ്റ്റോർ സംസ്ഥാനത്തെ എട്ടാമത്തെ ക്രോമ സ്റ്റോറാണ്. നൂതന ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ എന്നിവയുടെ വിപുലമായ ശ്രേണി നഗരത്തിലെത്തിക്കാനും ഉപഭോക്താക്കളുമായി കൂടുതൽ അടുക്കാനും ക്രോമയുടെ പുതിയ സ്റ്റോറുകൾ സഹായിക്കുമെന്ന് ക്രോമയുടെ സിഇഒ അവിജിത് മിത്ര പറഞ്ഞു. 550ലധികം ബ്രാൻഡുകളിലായി 16000 ലധികം ഉത്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്ന ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ലാർജ് ഫോർമാറ്റ് ഒമ്നിചാനൽ ഇലക്ട്രോണിക്സ് റീട്ടെയിലറാണ് ക്രോമ. എംസി റോഡിലും കെകെ റോഡിലുമായി രണ്ട് നിലകളിലായി 9,000 ചതുരശ്ര അടിയിലധികം വിസ്തൃതിയുള്ള പുതിയ ക്രോമ സ്റ്റോറുകൾ സമാനതകളില്ലാത്ത ഷോപ്പിംഗ് അനുഭവമാണ് വാഗ്ദാനം ചെയ്യുന്നത്.ഉപഭോക്താക്കൾക്ക് ക്രോമ വിദഗ്ദ്ധരുടെ പിന്തുണയോടെ ടിവി, സ്മാർട്ട് ഫോണുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ, കൂളിങ് ഉത്പന്നങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവയോടൊപ്പം ഓഡിയോ അനുബന്ധ അസസ്സറികളും ഷോപ്പ് ചെയ്യാം. ഉപഭോക്താക്കൾക്ക് ക്രോമയുടെ പോസ്റ്റ്പർച്ചേസ് സേവനങ്ങളെക്കുറിച്ച് കൂടുതലറിയുന്നതിനും വിദഗ്ദ്ധ ഉപദേശത്തിനായും ക്രോമ സ്റ്റോറിലുള്ള വിദഗ്ദ്ധരുടെ സഹായം തേടാൻ കഴിയും.കൂടുതൽ ആളുകളിലേക്ക് എത്തുന്നതിനായി ക്രോമ പുതിയ വിപണികളിലേക്ക് പ്രവേശിക്കുകയാണ്. സ്റ്റോറുകളിലും ര്യീാമ.രീലും ക്രോമയുടെ വിപുലമായ ഉൽപ്പന്ന ശ്രേണിയും തടസ്സമില്ലാത്ത ഉപഭോക്തൃ സേവനവും പ്രയോജനപ്പെടുത്തി ഉപയോക്താക്കളുടെ എല്ലാ ഇലക്ട്രോണിക്സ് ആവശ്യങ്ങളുടെയും ലക്ഷ്യസ്ഥാനമായി മാറാനാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.കോമയുടെ കോട്ടയത്തെ രണ്ട് സ്റ്റോറുകളും എല്ലാ ദിവസവും രാവിലെ 11 മുതൽ രാത്രി 9 വരെ തുറന്ന് പ്രവർത്തിക്കും.

# റോയൽ കോളേജുമായി സവീത ഡെന്റൽ കോളജ് ധാരണയിൽ

**ചെന്നൈ:** എഡിൻബർഗ്ഗിലെ റോയൽ കോളേജുമായി സഹകരിക്കാൻ സവീത ഡെന്റൽ കോളജ് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി റോയൽ കോളജിലെ വിദഗ്ധരുടെ ഒരുസംഘം സവീത ഡെന്റൽ കോളജ് സന്ദർശിച്ചു. ഡെന്റൽ സർജറി ഫാക്കൽറ്റി ഡീൻ പ്രൊഫസർ ഫിലിപ്പ് ടെയ്ലർ, ഡെന്റൽ എജ്യുക്കേഷൻ കൺവീനർ ഡോ. ലോചന നാനായക്കര, പ്രൊഫസർ ഗ്രാന്റ് മക്കിന്റയർ എന്നിവരുടെ സംഘമാണ് കോളജിൽ സന്ദർശനം നടത്തിയത്. ഡെന്റൽ രംഗത്ത് സവീത ഡെന്റൽ കോളജിന്റെ അടിസ്ഥാന സൗകര്യങ്ങളിലും ശസ്ത്രക്രിയാ വിദ്യാഭ്യാസ രീതിയിലും തുടർന്നുള്ള പരിശീലനത്തിലും സംഘം പൂർണ്ണ തൃപ്തി രേഖപ്പെടുത്തി. ആശയങ്ങളുടെ കൈമാറ്റവും വ്യത്യസ്ത രീതിയിലുള്ള പര്യവേക്ഷണവും മൊത്തത്തിലുള്ള വിജ്ഞാന അടിത്തറ വർദ്ധിപ്പിക്കുകയും ഈ മേഖലയിലെ പ്രൊഫഷണലുകളുടെ തുടർച്ചയായ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതായി സംഘം വിലയിരുത്തി. തുടർന്ന് മെഡിക്കൽ വിദ്യാർത്ഥികളുമായി സംഘം സംവദിച്ചു. ദന്തചികിത്സ മേഖലയിലെ ക്രോസ്കൾച്ചറൽ പഠനരീതിയിലെ നവീകരണത്തിനും സഹകരണത്തിനും ഇരു കോളജുകളും തമ്മിൽ ധാരണയായി. ദന്ത ചികിത്സാരംഗത്തു പ്രൊഫഷണലുകളെ വാർത്തെടുക്കുന്ന സവീത ഡെന്റൽ കോളജിന് ലഭിച്ച അംഗീകാരമാണ് റോയൽ കോളജിലെ വിദഗ്ധരുടെ സന്ദർശനമെന്ന് കോളജ് അധികൃതർ വ്യക്തമാക്കി.

# അദാനി ഗ്രൂപ്പ് ആദ്യ ട്രാൻസ്നാഷണൽ പവർ പ്രൊജക്ട് കമ്മീഷൻ ചെയ്തു



**കൊച്ചി:** ഇന്ത്യാ-ബംഗ്ലാദേശ് സഹകരണത്തിന്റെ മികച്ച ഉദാഹരണമായി അദാനി ഗ്രൂപ്പിന്റെ ഗോഡ്ഡ പവർ പ്ലാൻറ് കമ്മീഷൻ ചെയ്തു. ഇവിടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതി ബംഗ്ലാദേശിന് തങ്ങൾ ഉൽപാദിപ്പിക്കുന്ന ചെലവേറിയ വൈദ്യുതിക്കു പകരമായി പ്രയോജനപ്പെടുത്താനാവുമെന്ന് അദാനി ഗ്രൂപ്പ് അധികൃതർ വ്യക്തമാക്കി.. വൈദ്യുതി വാങ്ങൽ ധാരണയുടെ അടിസ്ഥാനത്തിൽ ബംഗ്ലാദേശ് പവർ ഡെവലപ്മെൻറ് ബോർഡിന് ഗോഡ്ഡ പ്ലാൻറ് 1,496 മെഗാവാട്ട് വൈദ്യുതിയാവും നൽകുക.കുറഞ്ഞ ചെലവിലും കുറഞ്ഞ പരിസ്ഥിതി ആഘാതത്തോടു കൂടിയുമാണ് ഈ പ്ലാൻറ് വൈദ്യുതി ഉൽപാദിപ്പിക്കുന്നത്. ഉത്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും മറ്റൊരു രാജ്യത്തിനു വിതരണം ചെയ്യുന്ന രീതിയിലുള്ള ട്രാൻസ്നാഷണൽ പവർ പ്രൊജക്ടുകളിലേക്കുള്ള അദാനി ഗ്രൂപ്പിൻറെ പ്രവേശനം കൂടിയാണ് ഗോഡ്ഡ പ്ലാൻറ് പൂർണമായി കമ്മീഷൻ വഴി സാധ്യമാകുന്നത്.പവർ പ്ലാൻറ് പൂർണമായി കമ്മീഷൻ ചെയ്തതിനു തുടർച്ചയായി അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി ബംഗ്ലാദേശ് പ്രധാനമന്ത്രി ഷേഖ് ഹസീനയെ സന്ദർശിക്കുകയും ചെയ്തു. 42 മാസമെന്ന റെക്കോർഡ് സമയത്തിലാണ് ഈ താപവൈദ്യുത നിലയം കമ്മീഷൻ ചെയ്തത്. 105 കിലോമീറ്റർ ദൈർഘ്യമുള്ള 400 കെവി ഡബിൾ സർക്യൂട്ട് കമ്മീഷൻ ലൈൻ, സ്വകാര്യ റെയിൽവേ ലൈൻ നിർമാണം ഗംഗയിൽ നിന്നുള്ള വിപുലമായ ജലപൈപ്പ് ലൈൻ തുടങ്ങിയവ സ്ഥാപിക്കലും ഇതിന്റെ ഭാഗമായി നടന്നിരുന്നു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663